കേരള സർക്കാർ

# നാവായിക്കുളം ഗ്രാമ പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

**2017-18**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം

e-mail : lfadtvm@yahoo.in
dotvm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.9/498 /2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം,
Phone No : 0471-2331231
Email : lfadtvm@yahoo.in
തീയതി : 01.06.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന ),
നാവായിക്കുളം ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം : നാവായിക്കുളം ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215 (4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വക്കം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) - ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികയിലേക്ക് പ്രത്യേകം ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.
ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15 (1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21 (1 ) (2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, തിരുവനന്തപുരം
3) കാര്യാലയ പകർപ്പ്,
4) സ്പെയർ

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.9/498 /2019

തീയതി: 01.06.2019

തിരുവനന്തപുരം ജില്ലയിലെ നാവായിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം-വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്).

തിരുവനന്തപുരം ജില്ലയിലെ നാവായിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2017 മുതൽ 31.03.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറി പ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 61 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 47 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ചതിനു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സാജൻലാൽ.എസ്.ജെ , ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 07.03.2019 മുതൽ 16.03.2019 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് |
|---|---|
| ശ്രീ.സനിൽ. എസ് | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| ശ്രീമതി.വാലന്റീന.എം | ഓഡിറ്റ് ഓഫീസർ |
| ശ്രീ.സുജേഷ് എസ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ.വിനോദ്.എസ് | സീനിയർ ഗ്രേഡ് ഓഡിറ്റർ (07.03.2019 മുതൽ 11.03.2019 വരെ) |
| ശ്രീ.അരുൺദേവ് വി.ആർ | ഓഡിറ്റർ |

നിർവഹണാധികാരികൾ

| | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീ.കെ.തമ്പി | 01/04/17 മുതൽ 31/03/18 വരെ |
| സെക്രട്ടറി | ശ്രീ.ടി.സുദർശനൻ | 01/04/17 മുതൽ 04/06/17 വരെ |
| | ശ്രീ.രാജ്കുമാർ | 05/06/17 മുതൽ 13/11/17 വരെ |
| | ശ്രീ.ആരിഫുദ്ദീൻ.എ | 14/11/17 മുതൽ 21/01/18 വരെ |

| | | |
|---|---|---|
| | ശ്രീമതി.സിന്ധു.ആർ.എസ് | 22/01/18 മുതൽ 31/03/18 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.ഷിബുകുമാർ.വി.എൻ | 1-04-17 മുതൽ 31-3-18 വരെ |
| അസി. എഞ്ചിനീയർ | ശ്രീമതി വിജി വി | 1-04-17 മുതൽ 21-10-17 വരെ |
| | ശ്രീ എം. റഹീം | 22-10-17 മുതൽ 31-3-18 വരെ |
| എം. ഒ (പി.എച്ച്.സി) | ഡോ. ഫസീല.എ | 1-04-17 മുതൽ 3-08-17 വരെ |
| | ഡോ. ഷാനിൻ ബാവ | 4-08-17 മുതൽ 31-3-18 വരെ |
| എം. ഒ ( ആയുർവേദം) | ഡോ. സ്മിത | 1-04-17 മുതൽ 31-3-18 വരെ |
| എം. ഒ (ഹോമിയോ) | ഡോ.രാജീവ് എബ്രഹാം | 1-04-17 മുതൽ 31-3-18 വരെ |
| എച്ച്. എം | ശ്രീമതി.പ്രസന്നകുമാരിഅമ്മ.എസ് | 1-04-17 മുതൽ 31-3-18 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.തങ്കമണി.എസ് | 1-04-17 മുതൽ 27-08-17 വരെ |
| | ശ്രീമതി.അമ്പിളി പി.വി | 28-08-17മുതൽ 31-03-18 വരെ |
| വെറ്റിനറി സർജൻ | ഡോ. സി.എസ് അഭിറാം | 1-04-17 മുതൽ 31-3-18 വരെ |
| വി.ഇ.ഒ | ശ്രീ.ഷിബു.എ ( സർക്കിൾ 1) | 1-04-17 മുതൽ 31-3-18 വരെ |
| | ശ്രീ.അജു അലക്സ് ( സർക്കിൾ 2) | 1-04-17 മുതൽ 31.3.2018 വരെ |
| സെക്രട്ടറി | ശ്രീ.ടി സുദർശനൻ | 01-04-17 മുതൽ 05-06-17 വരെ |
| | ശ്രീ.രാജ്കുമാർ | 05-06-17 മുതൽ 22-01-18 വരെ |
| | ശ്രീ.ആരിഫുദ്ദീൻ.എ | 14-11-17 മുതൽ |

| | | |
|---|---|---|
| | | 21-01-18 വരെ |
| | ശ്രീമതി.സിന്ധു ആർ.എസ് | 22-01-18 മുതൽ 31-03-18 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ഷിബു.കെ | 01.04.17 മുതൽ 31.03.18 വരെ |
| ഡയറിഫാം ഇൻസ്ട്രക്ടർ | ശ്രീ.പി.എൻ.അനിൽ | 01.04.17 മുതൽ 31.03.18 വരെ |

ഉള്ളടക്കം

ഭാഗം - I


| ക്രമ. നം | വിഷയം | ഖണ്ഡിക നം. |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |


.

| | ഭാഗം- II | |
|---|---|---|

| | | |
|---|---|---|
| 13 | ഇ ടെണ്ടർ സംവിധാനത്തിൽ നിന്നും ലഭിക്കേണ്ട ടെണ്ടർ ഫാറം വില ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. | 2-1 |
| 14 | മൊബൈൽടവറുകളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല | 2-2 |
| 15 | റേഷൻ റീട്ടെയിൽ ഡിപ്പോകൾ സ്ഥാപന തൊഴിൽ നികുതി ഒടുക്കുകയോ ലൈസൻസ് എടുക്കുകയോ ചെയ്യുന്നില്ല | 2-3 |
| 16 | സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ചട്ടം പാലിക്കുന്നില്ല | 2-4 |
| 17 | വളർത്തു നായകളുടെ ലൈസൻസ് നൽകൽ / പുതുക്കൽ എന്നിവയിൽ കൃത്യതയില്ല | 2-5 |
| 18 | സ്വകാര്യ ഫാമുകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു | 2-6 |
| 19 | ഡി & ഒ ലൈസൻസ് ചട്ടങ്ങൾ പാലിക്കേണ്ടതാണ് | 2-7 |
| 20 | മാന്വൽ രസീത് - വരവ് - ഒടുക്ക് എന്നിയിൽ വ്യത്യാസം | 2-8 |

| | | |
|---|---|---|
| | ഭാഗം-III | |
| 21 | സ്പിൽ ഓവർ പദ്ധതി – തൻവർഷം പൂർത്തീകരിച്ചില്ല | 3-1 |
| 22 | റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല | 3-2 |
| 23 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - അവലോകനം | 3-3 |
| 24 | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ - പ്രോജക്ട് നടത്തിപ്പിലെ അപാകത | 3-4 |
| 25 | സംയുക്ത പ്രോജക്ട് വിഹിതം- നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാങ്ക് അക്കൗണ്ടിലേക്ക് | 3-5 |

| | | |
|---|---|---|
| | തുക നേരിട്ട് നൽകി | |
| 26 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല-തുക തടസ്സപ്പെടുത്തുന്നു | 3-6 |
| 27 | ജൈവവളം വാങ്ങൽ മാർഗ്ഗരേഖ അനുശാസിക്കും പ്രകാരമല്ല | 3-7 |
| 28 | പശുവളർത്തൽ പദ്ധതി-മതിയായ ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിച്ചില്ല | 3-8 |
| 29 | ഹോളോബ്രിക്സ് നിർമ്മാണ യൂണിറ്റ് - പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല | 3-9 |
| 30 | ഭവന പുനരുദ്ധാരണം - അപാകതകൾ | 3-10 |
| 31 | പി.എച്ച്.സി.ക്ക് മരുന്ന് വാങ്ങൽ (വികസന ഫണ്ട്) - അനുബന്ധരേഖകൾ ഹാജരാക്കിയില്ല – ചെലവ് തടസ്സപ്പെടുത്തുന്നു | 3-11 |
| 32 | പി.എച്ച്.സി.ക്ക് മരുന്ന് വാങ്ങൽ (നോൺ റോഡ് ഫണ്ട്) ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ മരുന്ന് ലഭ്യമാകുന്നില്ല | 3-12 |
| 33 | പാലിയേറ്റീവ് കെയർ - പദ്ധതി നിർവ്വഹണത്തിൽ അപാകം | 3-13 |

.

| | | |
|---|---|---|
| | ഭാഗം- IV | |
| 34 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 35 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 36 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 37 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 38 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 39 | ഓഡിറ്റ് റിക്കവറി | 4-6 |
| 40 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |

| | | |
|---|---|---|
| 41 | ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 42 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 43 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18സാമ്പത്തിക വർഷത്തെ ബജറ്റ് 27.03.17 ൽ തീരുമാനം Iപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെ പ്രതീക്ഷിത വരവ് 247192536/- രൂപയും പ്രതീക്ഷിത ചെലവ് 243079000/- രൂപയും നീക്കിയിരിപ്പ് 4113536/- രൂപയുമായിരുന്നു. എന്നാൽ റസീപ്റ്റ് ആന്റ് പേമെന്റ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെയുള്ള വരവ് 113968408/-രൂപയും ചെലവ് 98451179/- രൂപയും നീക്കിയിരിപ്പ് 15517229/- രൂപയുമാണ്.

ബജറ്റ് രൂപീകരണം- നടപടിക്രമം പാലിച്ചില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് ,വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം വകുപ്പ് പ്രകാരം സർക്കാർ അതത് സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങളും വിധേയമായി വാർഷിക ബജറ്റ് രൂപീകരണത്തിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളും ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | നടപടിക്രമം | ഗ്രാമപഞ്ചായത്തിന്റെ നടപടിക്രമം |
|---|---|---|---|
| 1 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രൊപ്പോസൽ ആവശ്യപ്പെടൽ | 2016ഡിസംബർ 15-ന് മുൻപ് | 14.02.2017 |
| 2 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രൊപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിക്കൽ | 2017ജനുവരി 15-ന് മുൻപ് | 24.02.2017 |
| 3 | ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ ചേരൽ | 2017ജനുവരി 25-ന് മുൻപ് | വിശദാംശം ലഭ്യമായില്ല |
| 4 | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ പ്രൊപ്പോസൽ വയ്ക്കൽ,ക്രോഡീകരണം | 2017ഫെബ്രുവരി 1-ന് മുൻപ് | 14.03.2017 |
| 5 | ബജറ്റ് വർഷത്തേക്കുള്ള വാർഷിക പദ്ധതി അംഗീകാരം | 2017ഫെബ്രുവരി 28-ന് മുൻപ് | 29.05.2017 |
| 6 | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കരട് ബജറ്റ് നിർമ്മാണം/അംഗീകരിക്കൽ | 2017മാർച്ച് 1-ന് മുൻപ് | 18.03.2017 |
| 7 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മിറ്റി ചേരൽ | 2017മാർച്ച് 7-ന് മുൻപ് | 27.03.2017 |
| 8 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മിറ്റി ചേരൽ | 2017മാർച്ച് 31-ന് മുൻപ് | 27.03.2017 |

ബജറ്റ് തയ്യാറാക്കുന്നതിനാവശ്യമായ ശുപാർശകൾ ലഭ്യമാക്കുവാൻ ഗ്രാമപഞ്ചായത്ത് വിവിധ ഘടകസ്ഥാപനങ്ങളോട് സമയബന്ധിതമായി ആവശ്യപ്പെട്ടിട്ടില്ല. കരട് പ്രൊപ്പോസലുകൾ ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ്

കമ്മിറ്റികൾ ചേർന്നതിന്റെ വിശദാംശം ലഭ്യമല്ല. ബജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട നടപടികൾ കൃത്യമായും പാലിക്കുന്നതിന് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയുണ്ടാകേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.07.2018 | 13.06.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | തീയതി | റിപ്പോർട്ട് നമ്പർ/തീയതി |
|---|---|---|
| 2017-18 | 09.07.2018 മുതൽ 10.07.2018 വരെ | കെ.എസ്.എ.റ്റി.വി.എം ജി.പി 9/ 1585/18, 30.07.2018 |

## 1-4 സാമ്പത്തിക വിശകലനം

2017-18സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ റസീറ്റ് & പെയ്മെന്റ് കണക്കുകളെ അടിസ്ഥാനമാക്കിയുള്ള സാമ്പത്തിക വിശകലനം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 39493228 |
| വരവ് | 74475180 |
| ആകെ | 113968408 |
| ചെലവ് | 98451179 |
| നീക്കിയിരുപ്പ് | 15517229 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ട് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വി.ഫ ജനറൽ | 0 | 18693657 | 18693657 | 18693657 | 0 |
| വി.ഫ എസ്.സി.പി | 0 | 6664157 | 6664157 | 6664157 | 0 |
| സെന്ട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 10562993 | 10562993 | 10562993 | 0 |
| കെ.എൽ .ജി.എസ് .ഡി.പി | 0 | 2388661 | 2388661 | 2388661 | 0 |
| മെയിന്റനൻസ്, റോഡ് | 0 | 1787953 | 1787953 | 1787953 | 0 |
| മെയിന്റനൻസ്, നോൺ റോഡ് | 0 | 3706054 | 3706054 | 3706054 | 0 |
| ബി ഫണ്ട് | 0 | 170400 | 170400 | 170400 | 0 |
| റ്റി.എസ്.ബി ജോയിന്റ് വെഞ്ചർ | 51948 | 2275359 | 2327307 | 3749686 | - 1422379 |
| ഇൻഡ്യൻ ഓവർസീസ് ബാങ്ക് - എൻ.ആർ.ഇ.ജി. എസ് | 1832 | 1120147 | 1121979 | 606907 | 515072 |

| | | | | | |
|---|---|---|---|---|---|
| ട്രഷറി ടി.എസ്.ബി ജനറൽപർപ്പസ് | 27148983 | 14039668 | 41188651 | 37125911 | 4062740 |
| ഇൻഡ്യൻ ഓവർസീസ് ബാങ്ക് - തനത് ഫണ്ട് | 12156686 | 12636600 | 24793286 | 12941140 | 11852146 |
| ഡി.സി.ബി തനത് ഫണ്ട് | 80768 | 28272 | 109040 | 0 | 109040 |
| എസ്.ബി.ഐ - കറണ്ട് അക്കൗണ്ട് | 0 | 19670 | 19670 | 649 | 19021 |
| ക്യാഷ് (തനത് ഫണ്ട്) | 53011 | 381589 | 434600 | 53011 | 381589 |

## 1-6 പദ്ധതി അവലോകനം

2017-18സാമ്പത്തിക വർഷത്തെ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പദ്ധതി കളുടെ എണ്ണം | പദ്ധതി അടങ്കൽ | നടപ്പാ ക്കിയവ യുടെ എണ്ണം | പദ്ധതി ചെലവ് | ഭാഗിക മായി നടപ്പാ ക്കിയത് | നടപ്പാക്കാ ത്തവ | പൂർത്തീ കരിച്ച പ്രോജക്ടു കളുടെ ശതമാനം |
|---|---|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 7 | 12111600 | 7 | 2847955 | 0 | 0 | 100 |
| 2 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (സർക്കിൾ എ) | 7 | 7300000 | 7 | 3090900 | 0 | 0 | 100 |
| 3 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (സർക്കിൾ ബി) | 8 | 5285374 | 4 | 2519570 | 0 | 4 | 50 |
| 4 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10 | 4781690 | 7 | 4376464 | 0 | 3 | 70 |
| 5 | മെഡിക്കൽ ഓഫീസർ - പി.എച്ച്.സി | 4 | 2821428 | 4 | 2737544 | 0 | 0 | 100 |
| 6 | മെഡിക്കൽ ഓഫീസർ - ഹോമിയോ | 2 | 100000 | 2 | 76361 | 0 | 0 | 100 |
| 7 | മെഡിക്കൽ ഓഫീസർ - ആയുർവേദം | 3 | 1250000 | 3 | 1242000 | 0 | 0 | 100 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 8 | ഹെഡ്മാസ്റ്റർ | 7 | 3350000 | 4 | 1241254 | 0 | 3 | 57 |
| 9 | അസിസ്റ്റന്റ് സെക്രട്ടറി | 10 | 11070000 | 7 | 1969500 | 0 | 3 | 70 |
| 10 | വെറ്ററിനറി സർജൻ | 9 | 8805000 | 9 | 2477550 | 0 | 0 | 100 |
| 11 | സെക്രട്ടറി | 19 | 10853727 | 13 | 6874974 | 0 | 6 | 68 |
| 12 | അസിസ്റ്റന്റ് എഞ്ചിനീയർ | 112 | 41362843 | 56 | 16330398 | 0 | 56 | 50 |
| 13 | ഡയറിഫാം ഇൻസ്പെക്ടർ | 4 | 2507803 | 3 | 1956681 | 0 | 1 | 75 |
| | ആകെ | 202 | 111599465 | 126 | 47741151 | 0 | 76 | 62 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 1832 | 1120147 | 1121979 | 606907 | 515072 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 26689242 | 26689242 | 26689242 | 0 |
| ആകെ | 1832 | 27809389 | 27811221 | 27296149 | 515072 |

## 1-8 ക്ഷേമപദ്ധതികൾ

2017-18 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശം

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 170400 | 291 |
| കർഷകതൊഴിലാളി പെൻഷൻ | 4027100 | 327 |
| വിധവാ പെൻഷൻ | 18258900 | 1584 |
| വാർദ്ധക്യകാലപെൻഷൻ | 37590000 | 3150 |
| വികലാംഗ പെൻഷൻ | 5194500 | 407 |
| അവിവാഹിതരായ 50 വയസ്സിന് സ്ത്രീകൾക്കുള്ള പെൻഷൻ | 186700 | 17 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.03.2019 ന് രാവിലെ 10.10 am ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 20038/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

1) ഫ്രണ്ട് ഓഫീസിൽ സ്വീകരിക്കുന്നതും സേവനം നൽകേണ്ടതുമായ അപേക്ഷകളുടെ കാര്യത്തിൽ യഥാസമയം സേവനം ഉറപ്പുവരുത്താനായി അനുബന്ധം 3 മാതൃകയിലുള്ള ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിച്ചിട്ടില്ല.

2)സൗജന്യമായും വില ഈടാക്കിയും നൽകുന്ന വിവിധ ഫോറങ്ങൾ ഫ്രണ്ട് ഓഫീസ് വഴി വിതരണം ചെയ്യുന്നതിന്റെ വിശദാംശങ്ങൾ അനുബന്ധം 5 മാതൃകയിലുള്ള ഫോറ വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.

3) സൗജന്യമായി വിതരണം ചെയ്യുന്ന ഫോറങ്ങളുടെ വിവരം ഫ്രണ്ട് ഓഫീസിൽ എഴുതി പ്രദർശിപ്പിച്ചിട്ടില്ല.

4) പൗരാവകാശരേഖ കാലാനുസൃതമായി പരിഷ്കരിക്കാനാവശ്യമായ നിർദ്ദേശങ്ങൾ മോണിറ്ററിംഗ് സമിതി രൂപപ്പെടുത്തിയിട്ടില്ല.

5) മോണിറ്ററിംഗ് സമിതി മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും യോഗം ചേരുകയും ഫ്രണ്ട് ഓഫീസ് അടക്കമുള്ള ഓഫീസ് പ്രവർത്തനം വിലയിരുത്തി ആവശ്യമായ ശുപാർശകൾ പഞ്ചായത്ത് സമിതിക്ക് നൽകുകയും ചെയ്തിട്ടില്ല.

6) കേ.പ.രാ.(ഭേദഗതി) നിയമം 1999 അദ്ധ്യായം 25 സി,വകുപ്പ് 272എ(1) ബന്ധപ്പെട്ട ചട്ടങ്ങൾ എന്നിവ പ്രകാരം പൗരാവകാശ രേഖ പുറപ്പെടുവിച്ചിട്ടില്ല.

7) തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് കൃത്യമായകണക്കില്ലാതെ തുക ചെലവഴിക്കുന്നു.

ഗ്രാമപഞ്ചായത്ത് 2017-18 വർഷത്തിൽ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ ചുവടെ പറയും പ്രകാരം തുക ഒടുക്കിയിട്ടുണ്ട്.

| മാസം | തുക | വൗച്ചർ നം, തീയതി |
|---|---|---|
| 4/17 | 127413 | 21700019 / 04.04.17 |
| 5/17 | 127413 | 21700100 / 03.05.17 |
| 6/17 | 127413 | രേഖപ്പെടുത്തിയിട്ടില്ല, പേമെന്റ് വൗച്ചർ ഫയലിൽ ലഭ്യമല്ല. |
| 7/17 | 145397 | 21700259 / 06.07.17 |
| 8/17 | 145397 | 21700329 / 01.08.17(ബിൽ രജിസ്റ്റർ പ്രകാരം)<br>പേമെന്റ് വൗച്ചർ ഫയലിൽ ലഭ്യമല്ല. |
| 9/17 | 145397 | 21700408 / 02.09.17 (ബിൽ രജിസ്റ്റർ പ്രകാരം)<br>പേമെന്റ് വൗച്ചർ ഫയലിൽ ലഭ്യമല്ല. |
| 10/17 | 145397 | 21700468 / 04.10.17 (ബിൽ രജിസ്റ്റർ പ്രകാരം)<br>പേമെന്റ് വൗച്ചർ ഫയലിൽ ലഭ്യമല്ല. |
| 11/17 | 145397 | 21700548 / 01.11.17 |
| 12/17 | 145397 | 21700631 / 04.12.17 |
| 01/18 | 145395 | പേമെന്റ് വൗച്ചർ ഫയലിൽ ലഭ്യമല്ല. ബിൽ നം 4533180101875, 01.01.18 |
| 02/18 | 145397 | 21700804 / 15.02.2018 |
| 03/18 | 145397 | 21700845 / 12.03.18 |

കെ.എസ്.ഇ.ബിയുടെ 02/06/17 ലെ നമ്പർ/ ബി.ബി/തെരുവ് വിളക്ക്/2017-18 കത്ത് പ്രകാരം 18/04/17 മുതൽ തെരുവ് വിളക്കുകളുടെ വൈദ്യുതിചാർജ് വർദ്ധിപ്പിച്ചിട്ടുള്ളതിനാൽ 18/04/17 മുതലുള്ള കുടിശ്ശിക തുകയായ 25777/- രൂപ ഒടുക്കുവരുത്തുന്നതിന് ആവശ്യപ്പെട്ടിരുന്നു. ഇത് പ്രകാരം 03.04.17 ന് തുക ഒടുക്കിയിട്ടുണ്ട് (രസീത് നം. c 1145332000196) .

മീറ്ററേതര ചാർജിനത്തിൽ പെടുന്ന എൽ.റ്റി 8 (എ) എന്ന താരിഫിലാണ് വൈദ്യുതി ചാർജ് കെ.എസ്.ഇ.ബി

ഈടാക്കിക്കൊണ്ടിരിക്കുന്നത്. എൽ.റ്റി 8 (എ) പ്രകാരം തെരുവ് വിളക്കുകളുടെ എണ്ണത്തിനും അവയുടെ ഇനത്തിനും അനുസരിച്ചാണ് ചാർജ് ഈടാക്കുന്നത്. കെ.എസ്.ഇ.ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ലാത്തതിനാലും തെരുവ് വിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാലും യഥാർത്ഥത്തിൽ പഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്ന വിളക്കുകൾക്ക് തന്നെയാണോ തുക ഒടുക്കുന്നത് എന്നത് ഉറപ്പുവരുത്താൻ കഴിയുന്നില്ല.

8) ചെലവ് വൗച്ചർ പരിപാലനം - ചട്ടം പാലിക്കുന്നില്ല

2011 ലെ കേരളപഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 10 പ്രകാരമുള്ള നടപടികൾ പാലിച്ചിട്ടില്ല. ചെലവുകൾ വൗച്ചർ നമ്പർ രേഖപ്പെടുത്താതെയും പേമെന്റ് ഓർഡർ ലഭ്യമാക്കാതെയും നടത്തിയിട്ടുണ്ട്. ചട്ടം 29(2)(3) എന്നിവ പ്രകാരം ചെലവ് ചെയ്യാൻ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ഒരു ബിൽ തയ്യാറാക്കേണ്ടതും പണം ലഭിക്കാനുള്ള വ്യക്തിയുടെ ക്ലെയിമും ബന്ധപ്പെട്ട രേഖകളും അതോടൊപ്പം കൂട്ടിചേർക്കേണ്ടതുമാണ്. തുക പാസ്സാക്കുമ്പോൾ അധികാരമുള്ള ഉദ്യോഗസ്ഥൻ ക്ലെയിം പരിശോധിച്ച് തുക പാസ്സാക്കിയതായി രേഖപ്പെടുത്തി ഒപ്പും സീലും വെക്കേണ്ടതാണ്. എന്നാൽ ഈ നിർദ്ദേശം പാലിച്ചിട്ടില്ല. ബില്ലുകളിൽ "passed for payment" രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

9) മാലിന്യ സംസ്കരണം - അനിവാര്യ ചുമതലാനിർവഹണത്തിൽ വീഴ്ച

സ്റ്റാറ്റസ് റിപ്പോർട്ട് പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിലെ സ്കൂളുകൾ, ആശുപത്രികൾ, കൃഷി ഓഫീസ്, ആഡിറ്റോറിയങ്ങൾ,സാംസ്കാരിക നിലയങ്ങൾ, മാർക്കറ്റുകൾ, സ്റ്റേഡിയങ്ങൾ എന്നിവയിൽ മാലിന്യസംസ്കരണ സംവിധാനങ്ങൾ ഇല്ല എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. അനിവാര്യ ചുമതലാനിർവഹണത്തിലെവീഴ്ച പരിഹരിക്കുവാൻ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

10) പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടം നടപ്പിലാക്കിയില്ല

2016 ലെ കേന്ദ്ര സർക്കാരിന്റെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ പ്രകാരം ചട്ടം നിലവിൽ വന്ന് ആറു മാസത്തിനകം ഗ്രാമപഞ്ചായത്ത് പ്രസ്തുത ചട്ടം സംബന്ധിച്ച് വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതാണ്. മേൽ ചട്ടപ്രകാരം, നിയമപ്രകാരമല്ലാതെ പ്ലാസ്റ്റിക് ക്യാരി ബാഗുകളിലും മൾട്ടി ലെയർ പാക്കുകളിലും സാധനങ്ങൾ നൽകുന്ന കച്ചവടക്കാരിൽ നിന്ന് പിഴ ഈടാക്കാവുന്നതാണ്. ചട്ടം 15 പ്രകാരം പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ സാധനങ്ങൾ വിതരണം ചെയ്യുന്ന കച്ചവടക്കാർ, വഴിവാണിഭക്കാർ തുടങ്ങിയവർ ഗ്രാമപഞ്ചായത്തിൽ നിന്നും രജിസ്ട്രേഷൻ ലഭിക്കുന്നതിനായി പ്രതിമാസം 4000/- രൂപ നിരക്കിൽ പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജന ഫീസിനത്തിൽ തദ്ദേശസ്ഥാപനങ്ങളിൽ ഒടുക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ നിയമാനുസൃതം രജിസ്റ്റർ ചെയ്യാത്ത കച്ചവടക്കാർ പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ സാധനങ്ങൾ വിതരണം ചെയ്യുന്നത് നിയമവിരുദ്ധമാണെന്ന പ്രചാരണം പഞ്ചായത്ത് തലത്തിൽ നൽകേണ്ടതുണ്ട്. പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 ലെ നിർദ്ദേശ പ്രകാരം പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗം സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 24-09-2014 ലെ 576/ഡി.സി 1/16 തസ്വഭവ നമ്പർ സർക്കുലർ പ്രകാരം വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് പ്രകാരം മാലിന്യ നിർമ്മാർജ്ജന ഫീസ് ഈടാക്കി വ്യാപാരികളും തെരുവ് കച്ചവടക്കാരും രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച് തദ്ദേശ സ്ഥാപനങ്ങൾ അടിയന്തിരമായി വിജ്ഞാപനം പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.വിജ്ഞാപനം ഗ്രാമപഞ്ചായത്ത് പുറപ്പെടുവിച്ചെങ്കിലും പഞ്ചായത്ത് ഡയറക്ടറുടെ അനുമതി ലഭിയ്ക്കാത്തതിനാൽ ഇതിന്മേൽ ഗ്രാമപഞ്ചായത്ത് 2017-18 വർഷം നടപടികൾ സ്വീകരിച്ചിട്ടില്ല. ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ സജീവ ഇടപെടൽ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതാണ്.

11.പൊതുമരാമത്ത്, ഊർജ്ജം വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം കാര്യക്ഷമമല്ല

വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സ് പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

പല കമ്മിറ്റികളും കൂടിയതിന്റെ തീയതി രേഖപ്പെടുത്തിയിട്ടില്ല.

| കമ്മിറ്റി തീയതി | ഹാജർ | റിമാർക്ക്സ് |
|---|---|---|
| 27-5-17 | 6 | തീരുമാനം, നിർദ്ദേശം എന്നിവയില്ല. മിനിറ്റ്സ് ക്ലോസ് ചെയ്തില്ല. |
| 29-7-17 | 0 | ടി |

| | | |
|---|---|---|
| 6-1-18 | 5 | ടി |
| 15-2-18 | 5 | ടി |
| 13-3-18 | 3 | ടി |

സ്റ്റാറ്റസ് റിപ്പോർട്ടിന്റെ അവസ്ഥാവിശകലനത്തിൽ ,മരാമത്ത് മേഖല നേരിടുന്ന വെല്ലുവിളികൾ, അവയെ ലഘു, ഗുരു, അതീവ ഗുരുതരഗണത്തിൽപ്പെടുത്തൽ, വെല്ലുവിളികൾക്ക്പരിഹാരനിർദ്ദേശം എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

പൊതുജനങ്ങളുടെ നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുള്ള ശ്രമം വർക്കിംഗ് ഗ്രൂപ്പിന്റെ ഭാഗത്തുനിന്നുണ്ടാകേണ്ടതാണ്.വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം ക്രിയാത്മകമാക്കുവാൻ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

12) <u>നിർമ്മാണ പ്രവൃത്തി സ്ഥലത്ത് ഡിസ്പ്ലേബോർഡ് സ്ഥാപിക്കുന്നതിന് തുക ഉൾപ്പെടുത്തിയില്ല – പദ്ധതി മാർഗ്ഗരേഖ പാലിക്കുന്നില്ല</u>

29.03.2017-ലെ 72/2017/തസ്വഭവ മാർഗ്ഗനിർദ്ദേശത്തിലെ ഖണ്ഡിക 14.6 (4) പ്രകാരം നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ച ശേഷം പ്രവൃത്തി സ്ഥലത്ത് പ്രവൃത്തിയുടെ പേര്, വർഷം, ചെലവഴിച്ച തുക, ഫണ്ടിന്റെ ഇനം, തസ്വഭ സ്ഥാപനത്തിന്റെ പേര് എന്നിവ ഡിസ്പ്ലേബോർഡിൽ രേഖപ്പെടുത്തി പ്രദർശിപ്പിക്കണമെന്നും ആയതിനുള്ള തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താവുന്നതാണെന്നും പറയുന്നു. എന്നാൽ ഗ്രാമപഞ്ചായത്തിൽ നിർമ്മാണ പ്രവൃത്തികൾക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റുകളിൽ ഡിസ്പ്ലേബോർഡിന് തുക ഉൾപ്പെടുത്തിയിട്ടില്ല. എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ഇക്കാര്യം ഉൾപ്പെടുത്താൻ നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-11 <u>മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം</u>

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14.01.2019 | 11/18 മുതൽ 12/18 വരെ | 18.01.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.03.2014 | 2008-09 മുതൽ 2012-13 വരെ | 16.05.2014 |

## 1-12 <u>വാർഷിക കണക്കുകളിലെ അപാകതകൾ</u>

എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വാങ്ങി നൽകൽ എന്ന പ്രോജക്ടിന്റെ ചെലവ് ഹെഡ് മാറി 251301102 (special programs for tsp) എന്ന ഹെഡിൽ രേഖപ്പെടുത്തിയിരിക്കുന്നു.

# ഭാഗം-2

## <u>വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## 2-1 <u>ഇ ടെണ്ടർ സംവിധാനത്തിൽ നിന്നും ലഭിക്കേണ്ട ടെണ്ടർ ഫാറം വില ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.</u>

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 വർഷം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറ വിലയായി (ടെണ്ടർ ഫീസ്) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയ 45280/-രൂപ നാളിതുവരെ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. 28/9/13-ലെ ജി.ഒ(എം.എസ്)318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു.

ഇ-ടെണ്ടർ പ്രകാരം ലഭിച്ച ടെണ്ടറുകളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ് .

## 2-2 മൊബൈൽടവറുകളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരളപഞ്ചായത്ത് രാജ് ആക്റ്റ് 203 ാം വകുപ്പ് (2)ഉം(5) ഉം ഉപവകുപ്പുകൾ പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരളസർക്കാർ, ഗ്രാമപഞ്ചായത്തുകളിൽ ഉപയോഗക്രമമനുസരിച്ച് ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾ നിശ്ചയിച്ചിട്ടുണ്ട്. ഇതിൽ ക്രമനം 10 ൽ വരുന്ന മൊബൈൽ ടവറുകൾക്ക് കുറഞ്ഞനികുതി 400/- രൂപയും കൂടിയ നികുതി 500/- രൂപയുമാണ്. ഇതിൽ കൂടിയ നിരക്കായ 500/- രൂപയാണ് പഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ ചുവടെ പറയുന്ന മൊബൈൽ ടവറിൽ നിന്നും കുടിശ്ശിക ഉൾപ്പെടെ നികുതി ഈടാക്കാനുണ്ട്.

ഡോർ നം. 22/384/ ഉടമസ്ഥന്റെ പേര് Airtel Mobile Tower

| SL.No | Year | Period | Pro.Tax | LC | Total Tax |
|---|---|---|---|---|---|
| 1 | 2013 | Ist Half | 5500.00 | 275.00 | 5775.00 |
| 2 | 2013 | IInd Half | 5500.00 | 275.00 | 5775.00 |
| 3 | 2014 | Ist Half | 5500.00 | 275.00 | 5775.00 |
| 4 | 2014 | IInd Half | 5500.00 | 275.00 | 5775.00 |
| 5 | 2015 | Ist Half | 5500.00 | 275.00 | 5775.00 |
| 6 | 2015 | IInd Half | 5500.00 | 275.00 | 5775.00 |
| 7 | 2016 | Ist Half | 5500.00 | 275.00 | 5775.00 |
| 8 | 2016 | IInd Half | 5500.00 | 275.00 | 5775.00 |
| 9 | 2017 | Ist Half | 5500.00 | 275.00 | 5775.00 |
| 10 | 2017 | IInd Half | 5500.00 | 275.00 | 5775.00 |

ഈ വിഷയത്തിനു നൽകിയ ഓഡിറ്റ് എൻക്വയറി നം. 28 / 08.03.2019 ന് 2013-14 വർഷംമുതലുള്ള കുടിശ്ശിക ഒടുക്കുന്നതിന് പ്രസ്തുത സ്ഥാപനത്തിന് നോട്ടീസ് നൽകിയിട്ടുണ്ട് എന്നാണ് മറുപടി ലഭിച്ചത്. തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിററിയുടെ ശ്രദ്ധയുണ്ടാകേണ്ടതാണ്.

## 2-3 റേഷൻ റീട്ടെയിൽ ഡിപ്പോകൾ സ്ഥാപന തൊഴിൽ നികുതി ഒടുക്കുകയോ ലൈസൻസ് എടുക്കുകയോ ചെയ്യുന്നില്ല

1996ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ മൂന്നാം ചട്ടത്തിന്റെ പട്ടിക ഒന്നിൽ വരുന്നതാണ് റേഷൻ കടകൾ. എന്നാൽ 2017-18 സാമ്പത്തിക വർഷം ലൈസൻസ് എടുത്തിട്ടുള്ളവരുടെ വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 25 / 07.03.19 ന് പഞ്ചായത്ത് പരിധിയിൽ 19 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ടെന്നും ഇവയിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന് മറുപടി ലഭിച്ചു. റേഷൻകടകളിൽ നിന്നും ഡി & ഒ ലൈസൻസ് ഫീസ്, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ച് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ക്രിയാത്മകമായ

നടപടികൾ ഭരണ സമിതിയുടെയും സെക്രട്ടറിയുടെയും ഭാഗത്തുനിന്നുണ്ടാകേണ്ടതാണ്.

## 2-4 സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ചട്ടം പാലിക്കുന്നില്ല

1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ ചട്ടം 3(2) പ്രകാരം ഒരു സ്വകാര്യ ആശുപത്രിയോ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനമോ ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ ഫോറം 1 ൽ പ്രസ്തുത സ്ഥാപനം ആരംഭിക്കുന്നതിനു പതിനഞ്ചു ദിവസത്തിൽ കുറയാത്ത കാലയളവിനു മുൻപായി അതു നടത്താൻ ഉദ്ദേശിക്കുന്ന ആളോ, നടത്താൻ ചുമതലപ്പെട്ടിട്ടുള്ള ആളോ ഇരുനൂറ് രൂപ രജിസ്ട്രേഷൻ ഫീസ് സഹിതം, സെക്രട്ടറിക്കു സമർപ്പിക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസോട് കൂടിയുള്ളതല്ലാത്ത ഏതൊരു അപേക്ഷയും സെക്രട്ടറി നിരസിക്കേണ്ടതാണ്. ചട്ടം 3(6) പ്രകാരം രജിസ്ട്രേഷൻ നൽകാൻ തീരുമാനിച്ച സ്ഥാപനത്തെ സംബന്ധിച്ച വിവരങ്ങൾ ഫോറം 2 ൽ ഉള്ള പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും, അപ്രകാരം രേഖപ്പെടുത്തിക്കഴിഞ്ഞാൽ ആ സ്ഥാപനം രജിസ്റ്റർ ചെയ്യപ്പെട്ടതായി കണക്കാക്കേണ്ടതുമാണ്. ചട്ടം 5 പ്രകാരം ഒരു ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രിയുടേയോ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനത്തിന്റെയോ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുൻപായി പുതുക്കേണ്ടതും അപ്രകാരം പുതുക്കുന്നതിനുള്ള അപേക്ഷ ഫോറം 5 ൽ അൻപത് രൂപ രജിസ്ട്രേഷൻ പുതുക്കൽ ഫീസ് സഹിതം സെക്രട്ടറിക്ക് നൽകേണ്ടതും ആണ്. ചട്ടം 8 പ്രകാരം ഈ ചട്ടങ്ങളിലെ വ്യവസ്ഥകൾക്കു വിരുദ്ധമായി ഈ ചട്ടത്തിൻ കീഴിൽ രജിസ്റ്റർ ചെയ്യാതെയോ രജിസ്ട്രേഷൻ റദ്ദു ചെയ്യുന്നതിനുശേഷം തുടർന്നുമോ ഒരു സ്വകാര്യ ആശുപത്രിയോ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനമോ പരിപാലിക്കുകയോ നടത്തുകയോ ചെയ്യുന്ന ഏതൊരാളും കുറ്റസ്ഥാപനത്തിൻമേൽ അയ്യായിരം രൂപ വരെ ആകാവുന്ന പിഴ ശിക്ഷയും കുറ്റം തുടരുന്ന ഓരോ ദിവസത്തിനും അഞ്ഞൂറു രൂപ വരെ ആകാവുന്ന അധിക പിഴ ശിക്ഷയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് ചുവടെ പറയുന്ന അപാകങ്ങളുണ്ട്.

1) 2016-17 സാമ്പത്തിക വർഷം രജിസ്ട്രേഷൻ എടുത്തിട്ടുള്ള ചുവടെ പറയുന്ന സ്ഥാപനം 2017-18-ൽ രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല.

| ക്രമ നം. | രജിസ്ട്രേഷൻ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|---|
| 1 | 1/16-17 | വിജയ മെഡിക്കൽ സെന്റർ |
| 2 | 3/16-17 | അഭയ ലബോറട്ടറി |

2) രജിസ്ട്രേഷൻ പുതുക്കുന്നതിൽ ചട്ടം 5 പ്രകാരമുള്ള സമയക്രമം പാലിക്കുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | രജിസ്ട്രേഷൻ നം. | സ്ഥാപനത്തിന്റെ പേര് | അപേക്ഷ ലഭിച്ച തീയതി | തുക ഒടുക്കിയ തീയതി |
|---|---|---|---|---|
| 1 | 1/17-18 | സ്പെഷ്യാലിറ്റി ദന്തൽ ക്ലിനിക്ക് | 10/04/17 | 06/05/17<br>(രസീത് നം. 117030100713) |
| 2 | 4/17-18 | ടോട്ടൽ ദന്തൽ ക്ലിനിക്ക് | 15/11/17 | 18/12/17( രസീത് നം. 117030103791) |

3) പുതിയ രജിസ്ട്രേഷൻ - ചട്ടം 3(2) പ്രകാരം സമയക്രമം പാലിക്കുന്നില്ല

| ക്രമ നം. | രജിസ്ട്രേഷൻ നം. | സ്ഥാപനത്തിന്റെ പേര് | അപേക്ഷ ലഭിച്ച തീയതി | തുക ഒടുക്കിയ തീയതി | അപേക്ഷ സംബന്ധിച്ച് |
|---|---|---|---|---|---|
| 1 | 3/17-18 | കൃപ ദന്തൽ ക്ലിനിക്ക് | 28/07/17 | 16/09/17 | ഫോറം 1 അപേക്ഷ സമർപ്പിക്കുന്നതിനുപകരം ഫോറം 5 ലാണ് സമർപ്പിച്ചിരിക്കുന്നത്. സ്ഥാപനം തുടങ്ങുവാൻ ഉദ്ദേശിക്കുന്ന തീയതി രേഖപ്പെടുത്തിയിട്ടില്ല. |

4) സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം ആശുപത്രികളുടെ ഇനത്തിൽ പെടുന്ന ചുവടെ പറയുന്ന സ്ഥാപനങ്ങൾ 2017-18

സാമ്പത്തിക വർഷം ചട്ട പ്രകാരം രജിസ്റ്റർ ചെയ്യേണ്ടവ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

| ബിൽഡിംഗ് ഐ.ഡി | ഡോർ നം | ഉടമസ്ഥന്റെ / സ്ഥാപനത്തിന്റെ പേര് |
|---|---|---|
| 50238010012074 | 1/281/ | Malic Muhammed, Shan Manzil |
| 50238010010392 | 12/448/ | Jayapalan, Chithira / ഹോമിയോ ക്ലീനിക്ക് |
| 50238010010685 | 12/550/ | Sudina, Sudina Cottage / കാരുണ്യ ഹോസ്പിറ്റൽ |

മേൽ വിഷയത്തിന നൽകിയ ഓഡിറ്റ് എൻക്വയറി നം. 35 / 11.03.19 ന് അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭിച്ചു.

1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ കൃത്യമായും പാലിച്ച് രജിസ്ട്രേഷൻ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും രജിസ്ട്രേഷനില്ലാതെ യാതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതാണ്.

## 2-5 വളർത്തു നായകളുടെ ലൈസൻസ് നൽകൽ / പുതുക്കൽ എന്നിവയിൽ കൃത്യതയില്ല

1998 ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 3 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് കൂടാതെയും ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസരണമല്ലാതെയും യാതൊരാളും ഗ്രാമപഞ്ചായത്തു പ്രദേശത്ത് നിശ്ചിത തീയതി മുതൽ പട്ടികളേയോ പന്നികളേയോ വളർത്തുവാനോ സൂക്ഷിക്കുവാനോ പാടില്ലെന്ന് ഒരു ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിക്കാവുന്നതാണ്. ചട്ടം 4(1) പ്രകാരം ഗ്രാമപഞ്ചായത്തിന്റ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അതിൽ പറയുന്ന തീയതിക്ക് മുൻപായി പട്ടി, പന്നി എന്നിവ കൈവശത്തിലോ നിയന്ത്രണത്തിലോ ഉള്ള ഏതൊരാളും അങ്ങനെയുള്ള ഓരോ മൃഗത്തെയും വളർത്തുന്നതിനും കൈവശം വയ്ക്കുന്നതിനുമുള്ള ഗ്രാമപഞ്ചായത്തിന്റ ലൈസൻസിനായി അതിന്റെ പ്രായം, നിറം, ഇനം മുതലായ വിവരങ്ങൾ കാണിച്ചുകൊണ്ട് 10 രൂപ ഫീസ് സഹിതം സെക്രട്ടറിക്ക് അപേക്ഷ നൽകേണ്ടതാണ്. ചട്ടം 4(7) പ്രകാരം ലൈസൻസ് നൽകുന്നതും അത് പുതുക്കുന്നതും സംബന്ധിച്ച് വിവരങ്ങൾ അടങ്ങിയ ഒരു രജിസ്റ്റർ സെക്രട്ടറി സൂക്ഷിക്കേണ്ടതാണ്.

2017-18 സാമ്പത്തിക വർഷം ലൈസൻസ് നൽകിയതിൽ ചുവടെ പറയുന്ന അപാകങ്ങളുണ്ട്

1) 2016-17 സാമ്പത്തിക വർഷം ലൈസൻസ് എടുത്തവരിൽ ചുവടെ പറയുന്നവർ 2017-18 ൽ ലൈസൻസ് പുതുക്കിയിട്ടില്ല.

| ക്രമ നം. | ലൈസൻസ് നം. | പേര്, വിലാസം |
|---|---|---|
| 1 | 1/16 | ബാബു ശ്രീഹരി, കാഞ്ഞിരംപൊയ്ക, ഫാർമസി ജംഗ്ഷൻ |
| 2 | 2/16 | ബാബു ശ്രീഹരി, കാഞ്ഞിരംപൊയ്ക, ഫാർമസി ജംഗ്ഷൻ |
| 3 | 3/16 | ജയകമാർ, ജ്യോത്സ്ന, വെട്ടിയറ |
| 4 | 4/16 | ഗോപാലകൃഷ്ണപിള്ള, ശ്രീലേഖാഭവൻ, വെട്ടിയറ |
| 5 | 8/16 | ബിന്ദു, സോദരവിലാസം, കടമ്പാട്ടുകോണം |
| 6 | 9/16 | ജമുന, സോദരവിലാസം, വെട്ടിയറ |
| 7 | 10/16 | സുരേഷ്കുമാർ, എസ്.എസ്.ഭവൻ, വെട്ടിയറ |
| 8 | 12/16 | രാധാകൃഷ്ണൻ, ലക്ഷ്മിഭവൻ, വെട്ടിയറ |
| 9 | 13/16 | ബാബു, ആറ്റിൽ സദനം, വെട്ടിയറ |

| | | |
|---|---|---|
| 10 | 15/16 | പ്രതിൽകുമാർ.ബി, ശ്രീരാഗം, ചിറ്റായിക്കോട് |
| 11 | 16/16 | പ്രതിൽകുമാർ.ബി, ശ്രീരാഗം, ചിറ്റായിക്കോട് |
| 12 | 17/16 | സോമനാഥകുറുപ്പ്, കുന്നുവിളപുത്തൻവീട്, നാവായിക്കുളം |
| 13 | 18/16 | സോമനാഥകുറുപ്പ്, കുന്നുവിളപുത്തൻവീട്, നാവായിക്കുളം |
| 14 | 19/16 | വിനോദ്.വി, എള്ളുവിളവീട്, പാരിപ്പള്ളി |
| 15 | 21/16 | രാജു സുമിഭവൻ, ആശാരിക്കോണം |
| 16 | 22/16 | ബിജു, കുന്നുവിളവീട്, മുട്ടിയറ |
| 17 | 23/16 | സുനിൽകുമാർ, പുത്തൻവീട്, കോട്ടറകോണം |
| 18 | 24/16 | ബിജു, കുന്നുവിളവീട്, മുട്ടിയറ |
| 19 | 25/16 | ഗീത.എസ്, കാട്ടുവിളപുത്തൻവീട്, ആശാരിക്കോണം |
| 20 | 26/16 | ഉഷ, വിജയവിലാസം, നാവായിക്കുളം |
| 21 | 27/16 | ഉഷ, വിജയവിലാസം, നാവായിക്കുളം |
| 22 | 28/16 | ഭാസ്കരൻ, കുന്നത്തുപണ, ചരുവിളവീട് |
| 23 | 29/16 | വിജയകുമാർ.ആർ, ഗീതുഭവൻ, വെട്ടിയറ |
| 24 | 31/16 | ശോഭന, മനുഭവൻ |
| 25 | 32/16 | സുരേഷ്ബാബു, പത്മവിലാസം, വെട്ടിയറ |
| 26 | 33/16 | സുരേഷ്.വി, ചരുവിളവീട്, വെട്ടിയറ |
| 27 | 34/16 | ജയരാജൻ, ഉത്രാടം, നാവായിക്കുളം |
| 28 | 35/16 | രാജേന്ദ്രക്കുറുപ്പ്, അവിട്ടം, കടമ്പാട്ടുകോണം |
| 29 | 36/16 | രാജേന്ദ്രക്കുറുപ്പ്, അവിട്ടം, കടമ്പാട്ടുകോണം |
| 30 | 37/16 | രാജേന്ദ്രക്കുറുപ്പ്, അവിട്ടം, കടമ്പാട്ടുകോണം |
| 31 | 38/16 | ഗീതാകുമാരി, വടക്കതിൽ പുത്തൻവീട്, നാവായിക്കുളം |
| 32 | 39/16 | ശ്രീലത സജീവ്, മേലതിൽവീട്, 28 th മൈൽ |
| 33 | 40/16 | ബാബുഗോപാൽ, വൈഷ്ണവം, നാവായിക്കുളം |
| 34 | 41/16 | ബാബുഗോപാൽ, വൈഷ്ണവം, നാവായിക്കുളം |
| 35 | 42/16 | രാജു.എസ്, വി.വി ഹൗസ് |
| 36 | 43/16 | വൃന്ദ.ആർ, വിളയിൽവീട്, കിഴക്കനേല |
| 37 | 44/16 | വൃന്ദ.ആർ, വിളയിൽവീട്, കിഴക്കനേല |

| | | |
|---|---|---|
| 38 | 45/16 | സുരേന്ദ്രൻ നായർ.കെ, വി.എസ്.ഭവൻ, നാവായിക്കുളം |
| 39 | 47/16 | ബിന്ദു.എസ്, നിമ്മി ലാന്റ്, ചിറ്റായിക്കോട് |

2) മൃഗസംരക്ഷണം ക്ഷീരവികസന മേഖല – സ്റ്റാറ്റസ് റിപ്പോർട്ട് 1.1.9 പ്രകാരം ലൈസൻസുള്ള വളർത്തുനായകളുടെ എണ്ണം 1403 എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ 2017-18 സാമ്പത്തിക വർഷം 14 എണ്ണത്തിനു മാത്രമാണ് ലൈസൻസ് നൽകിയിട്ടുള്ളത്.

പഞ്ചായത്ത് പരിധിയിലുള്ള വളർത്തിനായകൾക്ക് ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനും ഈ ഇനത്തിൽ ലൈസൻസ് ഫീസായി പഞ്ചായത്തിനു ലഭിക്കേണ്ടതായ തുക പൂർണ്ണമായും ഈടാക്കുന്നതിനും ധനകാര്യസ്റ്റാന്റിംഗ് കമ്മിററിയുടെ ശ്രദ്ധയുണ്ടാകേണ്ടതാണ്.

## 2-6 സ്വകാര്യ ഫാമുകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

മൃഗസംരക്ഷണം ക്ഷീരവികസനം വർക്കിംഗ് ഗ്രൂപ്പ് സ്റ്റാറ്റസ് റിപ്പോർട്ട് 1.1.3 പ്രകാരം പഞ്ചായത്ത് പരിധിയിൽ ചുവടെ പറയുന്ന സ്വകാര്യ ഫാമുകൾ പ്രവർത്തിക്കുന്നുണ്ട്.

| ഇനം | എണ്ണം |
|---|---|
| ഡയറി ഫാം | 10 |
| ഗോട്ട് ഫാം | 3 |
| ഇറച്ചിക്കോഴി | 8 |
| മുട്ടക്കോഴി | 5 |

മേൽ ഫാമുകളുടെ ലൈസൻസ് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം. 38 / 11.03.2019 നൽകിയതിന് 5 ഫാം മാത്രമേ നിലവിൽ പ്രവർത്തിക്കുന്നുള്ളൂ എന്നും ഗോട്ട് ഫാം സ്ഥിരം പ്രവർത്തിക്കുന്നില്ലെന്നും മുട്ടക്കോഴി 5 എണ്ണത്തിൽ 2 എണ്ണത്തിനു മാത്രമാണ് ലൈസൻസ് നൽകിയിട്ടുള്ളതെന്നും ഇറച്ചികോഴികടകൾക്ക് മറ്റ് വകുപ്പുകളിൽ നിന്നുള്ള നിരാക്ഷേപപത്രം ഹാജരാക്കാത്തതിനാൽ ലൈസൻസ് നൽകിയിട്ടില്ല എന്നും മറുപടി ലഭിച്ചു. ഇത്തരത്തിൽ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഫാമുകൾ , ഇറച്ചിക്കോഴി വിൽപന സ്ഥാപനങ്ങൾ എന്നിവ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നത് ഗുരുതര വീഴ്ചയാണ്. ആയതിനാൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിററിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതും യാതൊരു സ്ഥാപനവും ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 2-7 ഡി & ഒ ലൈസൻസ് ചട്ടങ്ങൾ പാലിക്കേണ്ടതാണ്

1) 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു സാമ്പത്തിക വർഷവും അവസാനിക്കുന്നതിന് 30 ദിവസത്തിന് മുമ്പായി സമർപ്പിക്കേണ്ടതാണ്. എന്നാൽ 2017-18 സാമ്പത്തിക വർഷം ഡി & ഒ ലൈസൻസ് നൽകിയിട്ടുള്ള 215 എണ്ണത്തിൽ (പുതിയത് ഉൾപ്പെടെ) ആദ്യ 112 എണ്ണം പരിശോധിച്ചതിൽ ചുവടെ പറയുന്നവ പുതുക്കുന്നതിനുള്ള അപേക്ഷകൾ സമർപ്പിച്ചതിൽ സമയക്രമം പാലിച്ചിട്ടില്ല.

| ക്രമ നം. | പേര്, വിലാസം | സ്ഥാപനം | അപേക്ഷ തീയതി |
|---|---|---|---|
| 1 | ഷോപ്പ് മാനേജർ | മാവേലിസ്റ്റോർ, നാവായിക്കുളം | 10/04/17 |
| 2 | എം.എം.ബഷീർ, മേലേതാഴ്വിളാകം, കല്ലമ്പലം | ചോയിസ് ഫാൻസീസ് | 05/04/17 |
| 3 | മുഹമ്മദ് റാഫി, റഹ്മാനിയ മൻസിൽ | എം.ആർ സ്റ്റോഴ്സ് | 05/05/17 |
| 4 | ഹാഷിം.എ, ഷിബിൻമൻസിൽ, കപ്പാംവിള | സുലൈഖ ഫാൻസി & ഫുഡ് വെയർ | 21/04/17 |

| | | | |
|---|---|---|---|
| 5 | ഷമീർ ദാവൂദ്, ചാമവിള വീട്, പുല്ലൂർമുക്ക് | ഇന്ത്യൻ മോട്ടോഴ്സ് | 05/05/17 |
| 6 | നിസാറുദ്ദീൻ, ഫൈസൽ മൻസിൽ, നാവായിക്കുളം | സൂപ്പർമാർക്കറ്റ് | 12/04/17 |
| 7 | എ.സൈനുലാബ്ദീൻ തങ്ങൾ, ഫിറോസ് മൻസിൽ | റിയാസ് ഫർണിച്ചർ | 19/04/17 |
| 8 | എൻ.പ്രഹ്ലാദൻ പ്രലിൻ, എൻ.പി നിവാസ് | ഹോട്ടൽ ഹൈവേ പാലസ് & അജയൻ ഗിഫ്റ്റ് | 21/04/17 |
| 9 | ഇ.മുഹമ്മദ് റഷീദ്, എം.ആർ ഷാൻ മൻസിൽ | ഷൈൻ ഫ്ലവർ & ഓയിൽ മിൽ | 09/05/17 |
| 10 | നിസ്സാറുദ്ദീൻ, റയാൻ, കിഴക്കനേല | റയാൻ വെൽഡിംഗ് വർക്ക് ഷോപ്പ് | 19/04/17 |
| 11 | എ.കെ. സലാഹുദ്ദീൻ, സലീംമൻസിൽ, കപ്പാംവിള | എ.കെ.സ്റ്റോർ | 19/04/17 |
| 12 | ബദറുദ്ദീൻ, ഷാൻമൻസിൽ, വെള്ളൂർക്കോണം | ബി.കെ.സ്റ്റോർ | 10/05/17 |
| 13 | നസീർ, താന്നിയോട് ഹൗസ്, കപ്പാംവിള | റോഷ്ന റബ്ബർ ട്രേഡേഴ്സ് | 19/04/17 |
| 14 | രാജേഷ്.എസ്, പോങ്ങവിള വീട്, വെട്ടിയറ | ബോയ്സ് ഹയറിംഗ് സർവ്വീസ് | 12/05/17 |
| 15 | അമീറുദ്ദീൻ.എ.എം, അനീസ മൻസിൽ | ഡാലിയ എന്റർ പ്രൈസസ് | 12/05/17 |
| 16 | മുഹമ്മദ് ഷക്കീൽ, ഷിബിൻസ്, പുത്തൻചന്ത | ഐഡിയ ഷോറൂം | 27/04/17 |
| 17 | ആർ.രവീന്ദ്രൻപിള്ള, മിനർവ, കടമ്പാട്ടുകോണം | വിനീത് ഓയിൽ, ഫ്ലവർമിൽ | 18/05/17 |
| 18 | എം.അബ്ദുൾ ഹമീദ്, ഷൈൻവില്ല, നഗരൂർ റോഡ് | ഹാജറാ മെഡിക്കൽസ് | 11/05/17 |
| 19 | ഷാജൻ.എ.എസ്, ഷൈൻവില്ല, നഗരൂർ റോഡ് | ഓറഞ്ച് സൊല്യൂഷൻസ് | 19/05/17 |
| 20 | വിക്രം.എസ്, ആലുവിളപുത്തൻവീട്, കിഴക്കനേല | ടെന്റ് ബസാർ & ഡെക്കറേഷൻ | 26/05/17 |
| 21 | തുളസീദാസ്, റോഡ് വിളപുത്തൻവീട്, കുളമട | പലചരക്ക് വിൽപ്പന | 11/05/17 |
| 22 | എം.ബഷീർ, ഹസീന മൻസിൽ, കല്ലമ്പലം | ബഷീർ ട്രേഡേഴ്സ് | 30/05/17 |
| 23 | എം.അബ്ദുൾ ഹക്കീം, കണ്ടൂർക്കോണം | കണ്ടൂർക്കോണം സ്റ്റോഴ്സ് | 31/05/17 |

| | | | |
|---|---|---|---|
| 24 | ഷംസുദ്ദീൻ, എൻ.എസ് ഹൗസ് | സൈന റബ്ബർ ട്രേഡേഴ്സ് | 19/05/17 |
| 25 | അജി, പൂജ, പാരിപ്പള്ളി | ശിവജി ബേക്കേഴ്സ് | 29/05/17 |
| 26 | ജിജു കൃഷ്ണൻ, കൃഷ്ണ ഭവൻ | ആർ.വി ട്രേഡേഴ്സ് | 29/05/17 |
| 27 | മോഹനൻ പിള്ള, എം.എസ്.നിവാസ്, ചാവർകോട് | മഞ്ജു സ്റ്റേഷനറി | 19/05/17 |
| 28 | അബ്ദുൾ ഹമീദ്.എം, ഫിറോസ് നിലയം | മദീന ഫാഷൻ & ഗിഫ്റ്റ് സെന്റർ | 23/06/17 |
| 29 | അൻസാരി, റജുലാമൻസിൽ | ആലുവിളയിൽ ട്രേഡേഴ്സ് | 28/04/17 |
| 30 | റിയാസ്, റിയാസ് മൻസിൽ | എച്ച്.ആർ റൈസ് മിൽ | 23/06/17 |
| 31 | ശശിധരൻ, മുത്തുരം, കിഴക്കനേല | തുണിക്കട | `12/05/17 |

2) 2016-17 സാമ്പത്തിക വർഷം ഡി & ഒ ലൈസൻസ് എടുത്ത 220 സ്ഥാപനങ്ങളിൽ രജിസ്റ്റർ പ്രകാരമുള്ള ആദ്യ 50 സ്ഥാപനങ്ങൾ പരിശോധിച്ചതിൽ ചുവടെ പറയുന്നസ്ഥാപനങ്ങൾ 2017-18 ൽ ലൈസൻസ് എടുത്തിട്ടില്ല.

| ക്രമ നം. | വാർഡ് നം. | പേര്, വിലാസം | സ്ഥാപനം |
|---|---|---|---|
| 1 | XIX / 437 | എം.അജയകുമാർ, ഗോവർദ്ധനം, പറകുന്ന് | ഗോകുലം പെയിന്റ്സ് |
| 2 | II / 449 | ഷാക്കിർ.എ, മംഗലംകുന്നവീട്, കിഴക്കനേല | ബറക്കത്ത് കമ്മ്യൂണിക്കേഷൻസ് |
| 3 | II / 447 | ഷാക്കിർ.എ, മംഗലംകുന്നവീട്, കിഴക്കനേല | ബി.കോൺട്രാക്ട് & ട്രേഡേഴ്സ് |
| 4 | XII / 13 | വി.ഗണേഷൻ, വി.ജി ഹൗസ്, കല്ലമ്പലം | ജി.ഉമാദേവി ഫുഡ് പ്രോഡക്ട് |
| 5 | XIV / 675 | സലിം, ഷെരീഫ് മൻസിൽ, കിളിമാനൂർ | നൈസ് ബേക്കറി |
| 6 | XII / 418 | സലീന, ഷെരീഫ് മൻസിൽ, കിളിമാനൂർ | ന്യൂ നൈസ് ബേക്കറി |
| 7 | XII / 379 | സഫീറുദ്ദീൻ കോയതങ്ങൾ, പുന്നോട് | രാജകുമാരി സൂപ്പർമാർക്കറ്റ് |
| 8 | XIV / 317 | ശാർങ്ധരൻ, പ്ലാവിളവീട്, കല്ലമ്പലം | ലക്കി ഹോട്ടൽ |
| 9 | XII / 88 | നിമിഷ.ബി, നിമിഷമൻസിൽ, നാവായിക്കുളം | സർവ്വീസ് സെന്റർ |
| 10 | XVIII / 349 | അമർസിംഹൻ, വിനോദ്ഭവൻ, ചാവർകോട് | തിരുവാതിര പൗൾട്രിഫാം |
| 11 | XII / 290 | ശ്യാംചന്ദ്രൻ, ശ്യാംനിവാസ്, ചിറക്കര | സിയാക്ക് ട്രേഡിംഗ് കമ്പനി |
| 12 | XIX / 361 | അജയകുമാർ, എസ്.റ്റി.ഹൗസ്. ചെറുന്നിയൂർ | അനശ്രീ മെഡിക്കൽസ് |

| | | | |
|---|---|---|---|
| 13 | XIV / 607 | രത്നാകരൻ, റെനിനിവാസ്, കല്ലമ്പലം | റെനീഷ് ജൗളിക്കട |
| 14 | XIV / 606 | നവാസ്, കൊച്ചുകോട്ടാമല ഹൗസ് | താഹിറ സ്റ്റോർ |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 42 / 12.03.2019 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഡി&ഒ ലൈസൻസ് നൽകുന്നതിൽ 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ കൃത്യമായും പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും ഇതിൽ വീഴ്ച വരുത്തുന്നവർക്ക് 255 ാം വകുപ്പ് പ്രകാരമുള്ള പിഴശിക്ഷനൽകാവുന്നതുമാണ്. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിററിയുടെ പ്രത്യേക ശ്രദ്ധയുണ്ടാകേണ്ടതാണ്.

## 2-8 മാന്വൽ രസീത് - വരവ് - ഒടുക്ക് എന്നിവയിൽ വ്യത്യാസം

2017-18 സാമ്പത്തിക വർഷം മാന്വൽ രസീത് പ്രകാരമുള്ള വരവ് - ഒടുക്ക് എന്നിവയിൽ ചുവടെ പറയും പ്രകാരമുള്ള വ്യത്യാസമുണ്ട്.

| ബുക്ക് നം. | രസീത് നം. / തീയതി | രസീത് പ്രകാരമുള്ള തുക | ഒടുക്കിയ തുക | വ്യത്യാസം |
|---|---|---|---|---|
| 36699 | 8 / 21.12.17 | 15 | 9 | 6 |
| 36699 | 27 / 21.12.17 | 62 | 56 | 6 |
| 36699 | 56 / 22.12.17 | 1398 | 1392 | 6 |
| 36700 | 80 / 27.12.17 | 279 | 273 | 6 |
| 36706 | 27 / 17.01.18 | 404 | 410 | 6 |
| 36709 | 60 / 06.03.18 | 163 | 162 | 1 |
| 36708 | 52 / 19.01.18 | 56 | 55 | 1 |
| 36704 | 44 / 12.01.18 | 57 | 63 | 6 |
| 36704 | 79 / 12.01.18 | 181 | 187 | 6 |

മേൽ വിഷയത്തിനു നൽകിയ ഓഡിറ്റ് എൻക്വയറി നം. 50/ 14.03.2019 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച വിശദീകരണം ഓഡിറ്റിന് ലഭ്യമാക്കേണ്ടതും കുറവ് വന്ന തുക ഒടുക്ക് വരുത്തേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സ്പിൽ ഓവർ പദ്ധതി - തൻവർഷം പൂർത്തീകരിച്ചില്ല

സ്പിൽ ഓവർ പദ്ധതികൾ സ്പിൽ ഓവറാകുന്ന വർഷം തന്നെ പൂർത്തീകരിക്കേണ്ടതാണെന്ന് 29-3-2017 ലെ 72/2017/ ത.സ്വ.ഭ.വ നമ്പരായുള്ള സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കുന്നുണ്ട്.എന്നാൽ വെറ്റിനറി സർജൻ, ഡയറി ഫാം ഇൻസ്ട്രക്ടർ, അസി. എഞ്ചിനീയർ എന്നിവർ നിർവഹിച്ച ചുവടെ പറയുന്ന പ്രോജക്ടുകൾ തൻവർഷം പൂർത്തീകരിച്ചില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

i)വെറ്റിനറി സർജൻ

പ്രോജക്ടിന്റെ പേര് മുട്ടക്കോഴി വളർത്തൽ

പ്രോജക്ട് നമ്പർ SO23/18

വകയിരുത്തൽ 267000/- രൂപ (വികസനഫണ്ട് 200250, ഗുണഭോക്തൃവിഹിതം 66750)

ചെലവ് 112800/- രൂപ ( വികസനഫണ്ട് 84600 , ഗുണഭോക്തൃവിഹിതം 28200)

ബിൽ നമ്പർ 1/28-7-17, തുക 84600

600/-രൂപ വിലയുള്ള 6 മുട്ടക്കോഴികളെ 75% സബ്സിഡിയിൽ കർഷകർക്ക് വിതരണം നടത്തുന്നതിനായി (സ്പിൽ ഓവർ) ആവിഷ്കരിച്ചതാണ് പ്രോജക്ട്. 267000/- രൂപ വകയിരുത്തിയിരുന്ന പ്രസ്തുത പ്രോജക്ടിൽ 112800/-രൂപ മാത്രമേ വിനിയോഗിക്കാൻ കഴിഞ്ഞിട്ടുള്ളൂ(42.2%).

ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (56/15-3-19)ലഭിച്ച മറുപടിയിൽ ഗുണഭോക്തൃവിഹിതം അടച്ച് പദ്ധതിയിൽ പങ്കെടുക്കാൻ സന്നദ്ധരായി വന്ന ഗുണഭോക്താക്കളുടെ എണ്ണക്കുറവ് മൂലമാണ് ഇപ്രകാരം സംഭവിച്ചതെന്ന് മറുപടി നൽകി. പ്രോജക്റ്റിനെക്കുറിച്ച് വ്യക്തമായ അവബോധമില്ലായ്മ, ഗുണഭോക്തൃവിഹിതം ഒടുക്കുന്നതിൽ നിന്ന് ഗുണഭോക്താക്കളെ പിന്തിരിപ്പിക്കുന്നതിനും തന്മൂലം പദ്ധതിപ്പണം ചെലവഴിക്കാനാകാത്ത സാഹചര്യം ഉണ്ടാകുന്നതിനും കാരണമാകുന്നു. ഇക്കാര്യത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ പതിയേണ്ടതാണ്.

ii)ഡയറി ഫാം ഇൻസ്പെക്ടർ

പ്രോജക്ട് നമ്പർ - 25/18

പ്രോജക്ടിന്റെ പേര് - ക്ഷീരസംഘത്തിൽ പാൽ അളക്കുന്ന വിധവ കർഷകർക്ക് സബ്സിഡി

അടങ്കൽ - 100784 (വികസന ഫണ്ട്-62640 ബ്ലോക്ക് വിഹിതം-38144)

മേൽ പറഞ്ഞ പ്രോജക്ട് തൻവർഷം പൂർത്തീകരിച്ചില്ല. വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള എൻക്വയറിക്കുള്ള (എൻക്വയറി നം. 49) മറുപടിയിൽ 17-18 ൽ ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (വനിത) ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (വിധവ) എന്നീ രണ്ട് പദ്ധതികളാണ് ഉണ്ടായിരുന്നതെന്നും പ്രസ്തുത രണ്ട് പദ്ധതികൾക്കും സംയുക്ത ഗുണഭോക്തൃപട്ടികയാണ് പഞ്ചായത്തിൽനിന്നും ലഭിച്ചതെന്നും ആയത് നൽകിയത് 19-2-2018 ൽ മാത്രമാണെന്നും പറയുന്നു. സ്റ്റാറ്റസ് റിപ്പോർട്ടിൽ പാലിന്റെ വിലക്കുറവിന് പരിഹാരമായി പാലിന് സബ്സിഡി എന്ന പദ്ധതി നിർദ്ദേശിച്ചെങ്കിലും പാതിവഴിയിൽ ഉപേക്ഷിച്ചത് മൂലം പദ്ധതി ലക്ഷ്യം കൈവരിച്ചില്ല. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

iii)അസിസ്റ്റന്റ് എഞ്ചിനീയർ

സ്പിൽ ഓവറായി അംഗീകാരം ലഭിച്ച ചുവടെപ്പറയുന്ന പദ്ധതികൾക്ക് തൻവർഷം ചെലവ് വന്നിട്ടില്ല.(ചെലവ് സ്റ്റേറ്റ്മെന്റ് )

| ക്രമ നം. | പദ്ധതി | പദ്ധതി നമ്പർ | അടങ്കൽ |
|---|---|---|---|
| 1. | നാവായിക്കുളം ഗ്രാമപഞ്ചായത്തിലെ ബഡ്സ് സ്കൂളിന് ചുറ്റുമതിൽ നിർമ്മാണം | 32/18 | 201600 |
| 2 | 28-ാം മൈൽ മാർക്കറ്റ് മെയിന്റെനൻസ് | 33/18 | 1000000 |
| 3 | കൊച്ചാരം പൊയ്ക റോഡ് മെയിന്റെനൻസ് | 34/18 | 350000 |
| 4 | വൈദ്യുത ലൈൻ എക്സ്റ്റൻഷനും വൈദ്യുതികണക്ഷനും | 37/18 | 72170 |
| 5 | തൈക്കാവ്മുക്ക് വട്ടക്കോണം റോഡ് റീടാറിംഗ് | 39/18 | 500000 |
| 6 | ഉദയഗിരി വിലങ്ങറ റോഡ് റീടാറിംഗ് | 40/18 | 500000 |
| 7 | ചാന്നാരുക്കോണം പത്തനാപുരം റോഡ് റീടാറിംഗ്. | 41/18 | 392985 |
| 8 | വെട്ടിയറ പോസ്റ്റാഫീസ് റോഡ് റീടാറിംഗ് | 42/18 | 500000 |
| 9 | ഡീസന്റ്മുക്ക് അംഗൻവാടി വൈദ്യുതീകരണം | 46/18 | 90000 |
| 10 | വെള്ളൂർക്കോണം ഇലഞ്ഞൂർ റോഡ് ടാറിംഗ് | 50/18 | 500000 |
| 11 | ഊന്നൻപ്പാറ അംഗൻവാടി മെയിന്റെനൻസ് | 59/18 | 100000 |

| | | | |
|---|---|---|---|
| 12 | പഞ്ചായത്ത് അതിർത്തികളിലുംറോഡുകളിലും വിവിധ സ്ഥാപനങ്ങൾക്ക് നെയിംബോർഡുകളും സ്ഥാപിക്കുക | 60/18 | 142500 |
| 13 | പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എന്നിവർക്ക് ക്യാബിൻ നിർമ്മാണം | 66/18 | 150400 |
| 14 | പഫ്ളാംകുഴി കുന്നംപണ കോളനി റോഡ് കോൺക്രീറ്റിംഗ് | 68/18 | 146694 |
| 15 | ഹംസമുക്ക് പറണ്ടയിൽ റോഡ് | 70/18 | 400000 |
| 16 | വണ്ടിത്തടം കറവായിക്കോണം റോഡ് കോൺക്രീറ്റിംഗ് | 72/18 | 200000 |
| 17 | ഓരനല്ലൂർ ഏലാ കൾവർട്ട് റാമ്പ് നിർമ്മാണം | 84/18 | 324456 |
| 18 | ഹംസമുക്ക് കുന്നവിള റോഡ് ടാറിംഗ് | 186/18 | 500000 |

സ്പിൽ ഓവർ പദ്ധതികൾ സ്പിൽ ഓവറായ വർഷം തന്നെ പൂർത്തീകരിക്കുന്നതിന് ശ്രദ്ധ പുലർത്തേണ്ടതുണ്ട്. ഇക്കാര്യത്തിൽ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-2 റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല

ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി പ്ലാനും മാപ്പും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്ന് പതിനൊന്നാം പഞ്ചവത്സര പദ്ധതി മുതൽ സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതാണ്. റോഡ് നിർമ്മാണ പ്രോജക്ടിനൊപ്പം റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രോജക്ട് പ്രകാരം നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖയിൽ സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ നാളിതുവരെയും റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

## 3-3 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- അവലോകനം

2017-18 സാമ്പത്തിക വർഷം 506 കുടുംബങ്ങൾ തൊഴിൽ കാർഡ് എടുത്തിട്ടുണ്ട്. 2237 കുടുംബങ്ങൾ തൻവർഷം തൊഴിൽ ഡിമാന്റ് ചെയ്തതിൽ ആകെ 137 കുടുംബങ്ങൾക്ക് മാത്രമാണ് 100 തൊഴിൽ ദിനങ്ങൾ ലഭിച്ചിട്ടുള്ളത്. ലേബർ ബജറ്റ് പ്രകാരം 2307 പദ്ധതികൾ വിഭാവനം ചെയ്തിരുന്നെങ്കിലും തൻവർഷം 281 പ്രവൃത്തികൾ മാത്രമാണ് പൂർത്തിയാക്കാനായത്. കാർഷിക മേഖലയിൽ 23 കുളം നിർമ്മാണ പ്രവൃത്തികൾ തൻവർഷം ഏറ്റെടുത്തു. പ്രസ്തുത പ്രവൃത്തികളിൽ കൃഷി ഓഫീസിന്റെ മേൽനോട്ടം ഉണ്ടായിട്ടുണ്ട്. ആസ്തി നിർമ്മാണത്തിനുതകുന്ന 81 പ്രോജക്ടുകൾ തൻവർഷം ഏറ്റെടുത്തു. സ്വകാര്യ ഉടമയുടെ വസ്തുവിൽ പ്രവൃത്തികൾ ഏറ്റെടുക്കുന്ന പക്ഷം ഉടമ പഞ്ചായത്തുമായി കരാർ ചമയ്ക്കണം എന്ന വ്യവസ്ഥ പാലിച്ചിട്ടില്ല.

## 3-4 പോസ്റ്റ് മാറ്റി സ്ഥാപിക്കൽ–പ്രോജക്ട് നടത്തിപ്പിലെ അപാകത

പ്രോജക്ട് നമ്പർ - 223/18

പ്രോജക്ടിന്റെ പേര് - ഗതാഗത തടസ്സം സൃഷ്ടിക്കുന്ന വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ

അടങ്കൽ - 400000 (തനത് ഫണ്ട്)

ചെലവ് - 40483

ചെക്ക് നമ്പർ - 274100/20-03-2018

നിർവ്വഹണം - സെക്രട്ടറി

പഞ്ചായത്ത് റോഡിൽ തടസ്സം സൃഷ്ടിക്കുന്ന 80 ഇലക്ട്രിക് പോസ്റ്റുകൾ (5000 രൂപ നിരക്കിൽ) മാറ്റി സ്ഥാപിക്കുന്നതിലേക്കാണ് പ്രോജക്ട് ആവിഷ്കരിച്ചത്. ഇതിലേക്കായി ഗ്രാമപഞ്ചായത്തിലെ മുല്ലനല്ലൂർ, തോളൂർ, പടത്തൻപാറ കോളനി എന്നീ സ്ഥലങ്ങളിലെ പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുവാൻ പള്ളിക്കൽ ഇലക്ട്രിക്കൽ സെക്ഷൻ

അസി.എഞ്ചിനീയറുടെ 12-03-2018 ലെ ഡി.ബി.32/ഡി.ഡബ്ല്യൂ/17/പി.കെ.എൽ/39 നം കത്ത് പ്രകാരം തയ്യാറാക്കി നൽകിയ എസ്റ്റിമേറ്റ് പ്രകാരമുള്ള 40483 രൂപ കെ.എസ്.ഇ.ബി യ്ക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. പ്രസ്തുത പ്രോജക്ടിന്റെ തുടർനടപടി സംബന്ധിച്ച് ഫയലിൽ രേഖപ്പെടുത്തലില്ല. വിനിയോഗ സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടില്ല. പ്രോജക്ടിന്റെ മോണിട്ടറിംഗ് റിപ്പോർട്ടും ഫയലിൽ ലഭ്യമല്ല. നിലവിൽ പ്രസ്തുത പോസ്റ്റുകളെല്ലാം മാറ്റി സ്ഥാപിച്ചിട്ടുണ്ടോയെന്നത് സംബന്ധിച്ചും ഗ്രാമപഞ്ചായത്തിന് വ്യക്തതയില്ല.

01-11-2017 ലെ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 3(9) നമ്പർ തീരുമാനം, ബഹു.പഞ്ചായത്ത് ഡയറക്ടറുടെ 13-11-2017 ലെ ജെ.6/22832/2017 നം കത്ത് എന്നിവ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിക്ഷേപ പ്രവൃത്തികൾക്കായി വകയിരുത്തിയിട്ടുള്ള തുകകൾ 31-12-2017 നകം ബന്ധപ്പെട്ട ഏജൻസികൾ/വകുപ്പുകൾക്ക് (കെ.എസ്.ഇ.ബി/വാട്ടർ അതോറിറ്റി) കൈമാറേണ്ടതാണെന്ന് കർശന നിർദ്ദേശം നൽകിയിട്ടുള്ളതാണ്. എന്നാൽ ടി പ്രോജക്ടിന് അംഗീകാരം നേടിയിരിക്കുന്നത് 31-01-2018 ൽ മാത്രമാണ്. പ്രോജക്ട് നിർവ്വഹണത്തിലെ വീഴ്ചയായി ഓഡിറ്റ് ഇതിനെ വിലയിരുത്തുന്നു. പ്രോജക്ടുകൾ സമയബന്ധിതമായി ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ വികസന കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയും ഭരണസമിതിയും ശ്രദ്ധിക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടും വരും വർഷങ്ങളിൽ ഈ പ്രോജക്ടിന് തുടർച്ച ഉണ്ടായിരുന്നുവോ എന്ന് ആരാഞ്ഞും നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 45/12-03-19) വിശദീകരണം ലഭ്യമാക്കിയില്ല.

## 3-5 സംയുക്ത പ്രോജക്ട് വിഹിതം - നിർവഹണ ഉദ്യോഗസ്ഥന്റെ ബാങ്ക് അക്കൗണ്ടിലേക്ക് തുക നേരിട്ട് നൽകി

കൃഷി ഓഫീസർ നിർവഹണം നടത്തിയ ഒന്നാം വിള നെൽകൃഷി, രണ്ടാം വിള നെൽകൃഷി എന്നീ സംയുക്തപ്രോജക്ടുകൾക്കായി വകയിരുത്തപ്പെട്ടിരുന്ന സംയുക്തപ്രോജക്ട് വിഹിതമിനത്തിലെ തുക, ജില്ലാ ബ്ലോക്ക് പഞ്ചായത്തുകൾ ഗ്രാമപഞ്ചായത്തിന്റെ T S B അക്കൗണ്ടിൽ നിക്ഷേപിക്കാതെ നിർവഹണ ഉദ്യോഗസ്ഥന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ടാണ് നൽകിയിരിക്കുന്നത്. തുക നിർവഹണ ഉദ്യോഗസ്ഥന് നേരിട്ട് നൽകിയതിനാൽ പ്രസ്തുത ചെലവ് സുലേഖ ചെലവ് പത്രികയിൽ പ്രതിഫലിച്ചുമില്ല.

വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് പേര്, നമ്പർ | സുലേഖ ചെലവ് പത്രിക പ്രകാരമുള്ള തുക | | | | നിർവഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ ഫയൽ പരിശോധനയിൽ ബോദ്ധ്യപ്പെട്ടത് | | | |
|---|---|---|---|---|---|---|---|---|
| | ജില്ലാ പഞ്ചായത്ത് വിഹിതം വകയിരുത്തൽ | ജില്ലാ പഞ്ചായത്ത് വിഹിതം ചെലവ് | ബ്ലോക്ക് പഞ്ചായത്ത് വിഹിതം വകയിരുത്തൽ | ബ്ലോക്ക് പഞ്ചായത്ത് വിഹിതം ചെലവ് | ജില്ലാ പഞ്ചായത്ത് വിഹിതം വരവ് | ജില്ലാ പഞ്ചായത്ത് വിഹിതം ചെലവ് | ബ്ലോക്ക് പഞ്ചായത്ത് വിഹിതം വരവ് | ബ്ലോക്ക് പഞ്ചായത്ത് വിഹിതം ചെലവ് |
| ഒന്നാം വിള നെൽകൃഷി (SO85/18) | 212500 | 0 | 212500 | 0 | 212500 | 212500 | 212500 | 212500 |
| രണ്ടാം വിള നെൽകൃഷി (SO86/18) | 276000 | 0 | 276000 | 276000 | 276250 | 276250 | 276000 | 276000 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടിയിൽ സംയുക്തപ്രോജക്ട് വിഹിതം T S B അക്കൗണ്ടിൽ വന്നിട്ടില്ല എന്നാണ് സെക്രട്ടറിയുടെ വിശദീകരണം. ഇക്കാര്യത്തിൽ തൃപ്തികരമായ വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് കൃഷി ഓഫീസർക്ക് നൽകിയ എൻക്വയറിക്ക് (60/15-3-19) തുക കാലതാമസം കൂടാതെ ഗുണഭോക്താക്കൾക്ക് ലഭിക്കുന്നതിനായാണ് ഇപ്രകാരം തുക ചെലവഴിച്ചതെന്ന് മറുപടി ലഭ്യമാക്കി. 23-1-2017

ലെ ജി. ഓ. (പി) 07/2017/ധന ഉത്തരവ് പ്രകാരം സംയുക്തപ്രോജക്ടുകൾക്ക് നിർവഹണം നടത്തുന്ന സ്ഥാപനങ്ങൾക്ക് മറ്റ് സ്ഥാപനങ്ങൾ വിഹിതം നൽകണമെന്നാണ് വ്യവസ്ഥ. ആയതിന് വിരുദ്ധമായി നിർവഹണ ഉദ്യോഗസ്ഥന്റെ ബാങ്ക് അക്കൗണ്ടിലേക്ക് തുക നേരിട്ട് നൽകുന്നത് മേൽ വ്യവസ്ഥയുടെ ലംഘനമാണ്. പ്രസ്തുത പദ്ധതിയുടെ മോണിറ്ററിംഗ് നടന്നിട്ടുമില്ല. സംയുക്തപ്രോജക്ട് വിഹിതം നൽകുന്ന സ്ഥാപനവും വിഹിതം സ്വീകരിക്കുന്ന സ്ഥാപനവും തമ്മിൽ ഒരു ധാരണ ഉണ്ടാകാത്തതാണ് ഇത്തരത്തിലുള്ള അപാകതകൾക്ക് കാരണം. സംയുക്ത പ്രോജക്ട് വിഹിതത്തിന്റെ ട്രാൻസാക്ഷൻ മേൽ സർക്കാർ ഉത്തരരവ് പ്രകാരം നിർവഹിക്കേണ്ടതാണ്. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയും ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## 3-6 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല- തുക തടസ്സപ്പെടുത്തുന്നു.

2017-18 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ ചുവടെപ്പറയുന്ന പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടില്ല. അതിനാൽ പ്രസ്തുത പ്രോജക്ടുകളുട ഫലപ്രാപ്തി ഓഡിറ്റിൽ വിലയിരുത്താനായില്ല. ആയത് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (43/12-03-19, 51/14-03-19, 57/15-03-19) മറുപടി ലഭ്യമാക്കിയില്ല. ഇക്കാരണത്താൽ ചെലവ് തുക 3945907 രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

| ക്രമ നം | പ്രോജക്ട് നമ്പർ, പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് | ബിൽ നമ്പർ, തീയതി | നിർവ്വഹണം |
|---|---|---|---|---|---|
| 1 | എസ്.എസ്.എ പദ്ധതിക്ക് വിഹിതം ഒടുക്കൽ (പ്രോജക്ട് നമ്പർ 1) | 1242925 (വി.ഫണ്ട് ജനറൽ) | 1242925 | 04/29-07-2017 | സെക്രട്ടറി |
| 2 | ഐ.കെ.എമ്മിന് വെബ്സൈറ്റ് വിഹിതം (പ്രോജക്ട് നമ്പർ 2) | 175925 (വി.ഫണ്ട് ജനറൽ) | 123972 | 18/16-01-2018 | |
| 3 | സോഷ്യൽ സെക്യൂരിറ്റി മിഷന് പഞ്ചായത്ത് വിഹിതം (പ്രോജക്ട് നമ്പർ 3) | 500000 (വി.ഫണ്ട് ജനറൽ) | 500000 | 05/29-07-2017 | |
| 4 | പഞ്ചായത്ത് പ്രദേശത്ത് സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ (പ്രോജക്ട് നമ്പർ 196/18) | 2100000 (വികസന ഫണ്ട്.എസ്.സി.പി) | 1515510 | 30/31-03-2018 | |
| 5 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (പ്രോജക്ട് നമ്പർ 77/18) | 364000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 364000 | 77/12-02-18 | അസി.എഞ്ചിനീയർ |
| 6 | എ.ബി.സി പ്രോഗ്രാം (പ്രോജക്ട് നമ്പർ 93/18) | 200000 (വികസന ഫണ്ട്-ജനറൽ) | 199500 | 02/11-12-17 | വെറ്ററിനറി സർജൻ |
| ആകെ | | | 3945907 | | |

## 3-7 ജൈവവളം വാങ്ങൽ - മാർഗരേഖ അനുശാസിക്കും പ്രകാരമല്ല.

കൃഷി ഓഫീസർ നിർവഹണം നടത്തിയ ചുവടെ ചേർക്കുന്ന പദ്ധതികളുമായി ബന്ധപ്പെട്ട് വളം വാങ്ങൽ നടത്തിയിരിക്കുന്നത് മാർഗരേഖ അനുശാസിക്കും പ്രകാരമല്ല.

| ക്രമ നം | പ്രോജക്ട് പേര്, നമ്പർ | വകയിരുത്തൽ | ചെലവ് | ബിൽ നമ്പർ തീയതി /തുക |
|---|---|---|---|---|
| 1 | ജൈവ പച്ചക്കറി കൃഷി (SO166/18) | 642600 (വികസനഫണ്ട് - 301800, ബ്ലോക്ക് പഞ്ചായത്ത് വിഹിതം- 20400, ജില്ലാ പഞ്ചായത്ത് വിഹിതം- 20400, ഗുണഭോക്തൃ വിഹിതം നേരിട്ട് ചെലവഴിക്കുന്നത് - 300000) | 342600 (വികസനഫണ്ട് - 301800, ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 20400, ജില്ലാ പഞ്ചായത്ത് വിഹിതം - 20400) | 1) 4/ 29-12-17, തുക 30000<br>2) 5/29-12-17, തുക 15000<br>3) 6/29-12-17, തുക 216000 (വളം വാങ്ങിയ ചെലവ്)<br>4) 7/29-12-17, തുക 40800 |
| 2 | വാഴ കൃഷി (SO121/18) | 1570000(വികസനഫണ്ട് - 770000, ഗുണഭോക്തൃ വിഹിതം നേരിട്ട് ചെലവഴിക്കുന്നത് -800000) | 545200/- | 1) 8/ 29-12-17, തുക 175200<br>2)13/12-03-18, തുക 370000<br>(വളം വാങ്ങിയ ചെലവ്) |

സബ്സിഡി മാർഗരേഖ ജി. ഒ. (എം. എസ്) 80/2017/ത.സ്വ.ഭ.വ. തീയതി 3-4-2017 , ഖണ്ഡിക 8.1 പ്രകാരം കാർഷിക കർമസേനകൾ, കർഷക ഗ്രൂപ്പുകൾ, കർഷകർ തുടങ്ങിയവർ ഉൽപ്പാദിപ്പിക്കുന്ന വളങ്ങൾ , ത.സ്വ. ഭ. സ്ഥാപനം നടത്തുന്ന മാലിന്യ സംസ്കരണ പ്ലാന്റുകൾ, സഹകരണ സ്ഥാപനങ്ങൾ നേരിട്ട് ഉൽപ്പാദിപ്പിക്കുന്ന എന്നിവയിൽ നിന്നും നേരിട്ട് കൃഷി ഓഫീസർ കൺവീനറായ പർച്ചെയ്സ് കമ്മിറ്റി വാങ്ങി വിതരണം ചെയ്യേണ്ടതാണെന്നും സബ്സിഡി തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. സബ്സിഡി തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകിയെങ്കിലും കൃഷി ഓഫീസർ കൺവീനറായ പർച്ചെയ്സ് കമ്മിറ്റി രൂപീകരിച്ചല്ല വളം വാങ്ങൽ പ്രക്രിയ നടത്തിയിട്ടുള്ളത്. ഗുണഭോക്താക്കൾ വളം നേരിട്ട് വാങ്ങി ഉപയോഗിക്കുകയാണ് ചെയ്തിരിക്കുന്നത്. കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്നതും കൃഷി വകുപ്പ്, ശുചിത്വ മിഷൻ സാക്ഷ്യപ്പെടുത്തിയ ജൈവവളങ്ങൾക്ക് മുൻഗണന നൽകണമെന്നും മാർഗരേഖയിൽ പറയുന്നുണ്ടെങ്കിലും ആയതും പാലിച്ചിട്ടില്ല.

ഓഡിറ്റ് എൻക്വയറിക്ക് (32/11-3-2019) ലഭ്യമാക്കിയ മറുപടിയിൽ കർഷകർ പഞ്ചായത്തിലെ കർഷകരിൽ നിന്നും ചാണകം വാങ്ങി നൽകിയതിന്റെ അടിസ്ഥാനത്തിൽ തുക നൽകിയെന്നും വരും വർഷങ്ങളിൽ മാനദണ്ഡം പാലിച്ച് പദ്ധതി നടപ്പാക്കുന്നും വിശദീകരിച്ചിട്ടുണ്ട്. സബ്സിഡി മാർഗരേഖകൾക്കും കാലാകാലങ്ങളിലുള്ള സർക്കാർ ഉത്തരവുകൾക്കും അനുസൃതമായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് നിർവഹണ ഉദ്യോഗസ്ഥനും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയും ശ്രദ്ധിക്കേണ്ടതാണ്.

## 3-8 പശു വളർത്തൽ പദ്ധതി - മതിയായ ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിച്ചില്ല

പ്രോജക്ട് നമ്പർ - SO211/18

വകയിരുത്തൽ 3200000/- രൂപ (വികസനഫണ്ട് - 1600000,

ഗുണഭോക്തൃവിഹിതം - 1600000)

ചെലവ് 250000/- രൂപ - ( വികസനഫണ്ട് -125000,ഗുണഭോക്തൃവിഹിതം - 125000)

ബിൽ നമ്പർ - 9/27-3-2018, തുക 125000/-രൂപ

64 പേർക്ക് 50% സബ്സിഡി നിരക്കിൽ 25000/- രൂപ ഗുണഭോക്തൃവിഹിതമായി സ്വീകരിച്ച് 25000/- രൂപ ത.സ്വ.ഭ സ്ഥാപനവും വഹിച്ച് 50000/- രൂപ വിലയുള്ള കറവ പശുവിനെ വാങ്ങി വിതരണം ചെയ്യുന്നതിനായി ആവിഷ്കരിച്ചതാണ്

പ്രസ്തുത പദ്ധതി. എന്നാൽ പ്രസ്തുത പദ്ധതി പ്രകാരം 5 ഗുണഭോക്താക്കൾക്ക് മാത്രമാണ് ആനുകൂല്യം നൽകാൻ കഴിഞ്ഞിട്ടുള്ളത്. 2 ഗുണഭോക്താക്കൾ കൂടി ഗുണഭോക്തൃവിഹിതം അടവാക്കിയിരുന്നുവെങ്കിലും രേഖകൾ യഥാസമയം ഹാജരാക്കാൻ കഴിയുന്നില്ല എന്നുള്ള കാരണത്താൽ ഗുണഭോക്താക്കൾ ഗുണഭോക്തൃവിഹിതം തിരികെ ആവശ്യപ്പെടുകയും ഗുണഭോക്തൃ വിഹിതമായ 50000/- രൂപ തിരികെ നൽകുകയും ചെയ്തു.

വികസനഫണ്ടിൽ 1600000/- രൂപ വകയിരുത്തിയിരുന്ന പ്രസ്തുത പദ്ധതിയിലെ ആകെ ചെലവ് 125000/- രൂപ മാത്രമാണ് ( വെറും 7.8% ചെലവ് ) പ്രസ്തുത പ്രോജക്ട് 2018-19 ലേക്ക് സ്പിൽ ഓവറായി മാറ്റിയിട്ടില്ലാത്തതുമാണ്.

പ്രസ്തുത പ്രോജക്ട് റിവിഷൻ മുഖേന വന്ന പദ്ധതിയാണെന്നും ഗുണഭോക്തൃലിസ്റ്റ് ഫെബ്രുവരി മാസത്തിൽ മാത്രമാണ് ലഭിച്ചതെന്നും സാമ്പത്തിക വർഷത്തിൽ തന്നെ പൂർത്തീകരിക്കേണ്ടതിനാൽ പദ്ധതി നടപ്പിലാക്കിയതെന്നുമാണ് വിശദീകരണം (ഓഡിറ്റ് എൻക്വയറി നം. 41/11.3.2019 ന്റെ മറുപടി നൽകി. വർക്കിംഗ് ഗ്രൂപ്പിൽ ഈ പദ്ധതി സംബന്ധിച്ച് യാതൊരു ചർച്ചകളും അഭിപ്രായങ്ങളും ഉരുത്തിരിഞ്ഞ് വരാതെ 26-8-2017 ലെ 12(2) ലെ വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാന പ്രകാരമാണ് പദ്ധതി നടപ്പാക്കിയത്. ആസൂത്രണത്തിലെ പാളിച്ചയും ധൃതി പിടിച്ച് പദ്ധതി നടപ്പാക്കിയതിനാലാണ് ചെലവ് തുക 7.8% മാത്രമായത്. ഇപ്രകാരം പദ്ധതി പണം പാഴായി പോകുന്ന സാഹചര്യം ഒഴിവാക്കുന്നതിന് കൃഷി വർക്കിംഗ് ഗ്രൂപ്പും വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും ശ്രദ്ധ പുലർത്തേണ്ടതാണ്.

## 3-9 <u>ഹോളോ ബ്രിക്സ് നിർമ്മാണ യൂണിറ്റ്- പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല</u>

പ്രോജക്ടിന്റെ പേര് - ഹോളോ ബ്രിക്സ് പ്രൊഡക്ഷൻ ആന്റ് ട്രെയിനിംഗ്

പ്രോജക്ട് നമ്പർ - S0148/ 18

അടങ്കൽ - 250000 (വികസന ഫണ്ട്.എസ്.സി.പി)

ചെലവ് - 243000

ബിൽ നമ്പർ - 06/16-12-2018

നിർവ്വഹണം - അസി.സെക്രട്ടറി

ഹോളോ ബ്രിക്സ് നിർമ്മാണ യന്ത്രം വാങ്ങി പഞ്ചായത്ത് നിർദ്ദേശിക്കുന്ന സ്ഥലത്ത് സ്ഥാപിച്ച് പ്രവർത്തനം നടത്തി, അർഹരാവയവർക്ക് പരിശീലനം നടത്തി, തൊഴിലുറപ്പ് മേഖലയിൽ ജോലി ചെയ്യുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട അർഹരായ ഗുണഭോക്താക്കൾക്ക് സൗജന്യമായി ഹോളോ ബ്രിക്സ് നിർമ്മിച്ച് നൽകുന്നതിലേക്കായാണ് പ്രോജക്ട് ആവിഷ്കരിച്ചത്. ഇതിലേക്കായി ക്വട്ടേഷൻ ക്ഷണിച്ചതിൻ പ്രകാരം ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്ത M/s പ്രകൃതി എന്ന സ്ഥാപനത്തിൽ നിന്നും ഹോളോ ബ്രിക്സ് നിർമ്മാണ യന്ത്രങ്ങൾ വാങ്ങി.

ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമാക്കിയ വിശദാംശങ്ങൾ ചുവടെ പറയും പ്രകാരമാണ് (ഓഡിറ്റ് എൻക്വയറി നമ്പർ 30/08.03.2019 ന്റെ മറുപടി).

ഗ്രാമപഞ്ചായത്തിലെ സർവ്വേ നമ്പർ 301/05 ലെ 42 ആർ തരിശായി കിടക്കുന്ന സർക്കാർ ഭൂമിയിലാണ് ഹോളോ ബ്രിക്സ് യൂണിറ്റ് സ്ഥാപിക്കാൻ ലക്ഷ്യമിട്ടിരുന്നത്. എന്നാൽ പൊതുജനങ്ങളുടെ പ്രക്ഷോഭത്തെ തുടർന്ന് പ്രസ്തുത സ്ഥലത്ത് പ്ലാന്റ് സ്ഥാപിക്കാൻ സാധിച്ചില്ല. നിലവിൽ യൂണിറ്റ് വൈരമല പട്ടികജാതി സങ്കേതത്തിലെ ശ്രീമതി.സുധ, ഇടവിളാകത്ത് വീട് എന്ന വ്യക്തിയുടെ വസ്തുവിൽ താൽക്കാലിക ഷെഡ് നിർമ്മിച്ച് സൂക്ഷിച്ചിരിക്കുകയാണ്. 28-02-2018 ന് പ്രവർത്തനം ആരംഭിച്ച മെഷീനിൽ നാളിതുവരെ 10 പേർക്ക് മാത്രമാണ് പരിശീലനം നൽകിയിട്ടുള്ളത്. നാളിതുവരെ (15-03-2019) 28 ഹോളോബ്രിക്സ് മാത്രമാണ് (പരിശീലനത്തിന്റെ ഭാഗമായി) നിർമ്മിച്ചിട്ടുള്ളത്. 15-03-2019 ന് നിർവ്വഹണോദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധയിൽ മെഷീനുകൾ പ്രയോജനപ്രദമാക്കാതെ സൂക്ഷിച്ചിരിക്കുന്നതായി കണ്ടെത്തി.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ ഹോളോബ്രിക്സ് നിർമ്മാണത്തിന് സന്നദ്ധരായ തൊഴിലുറപ്പ് പദ്ധതിയിലെ എസ്.സി തൊഴിലാളികളുടെ ലിസ്റ്റ് മേറ്റുമാരിൽ നിന്നും ശേഖരിച്ച് നിർമ്മാണം ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. കൂടാതെ 30-08-2018 ന് കുടവൂർ വില്ലേജിലെ സർവ്വേ നമ്പർ 192/15 ൽ 63.64 ആർ സർക്കാർ വക തരിശ് ഭൂമിയിൽ നിന്നും 25 സെന്റ് സ്ഥലം അനുവദിച്ച് നൽകണമെന്ന് വർക്കല തഹസീൽദാരോട് അഭ്യർത്ഥിച്ചിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. മതിയായ മുന്നൊരുക്കത്തിന്റെയും ചിട്ടയായ തുടർപ്രവർത്തനങ്ങളുടെയും അഭാവമാണ് ഇപ്രകാരം പ്രോജക്ട് ലക്ഷ്യം കൈവരിക്കാൻ സാധിക്കാതെ പോയതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഹോളോ ബ്രിക്സ് യൂണിറ്റ് പ്രവർത്തനക്ഷമമാക്കുവാനുള്ള സത്വര നടപടികൾ സ്വീകരിക്കാൻ ഭരണസമിതിയും വികസന കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയും ശ്രദ്ധിക്കേണ്ടതാണ്.

## 3-10 <u>ഭവനപുനരുദ്ധാരണം - അപാകതകൾ</u>

പ്രോജക്ട് നമ്പർ - SOO17/18

നിർവഹണ ഉദ്യോഗസ്ഥൻ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

വകയിരുത്തൽ - 2380000/- രൂപ (വികസനഫണ്ട് 1355920, തനതുഫണ്ട് 1024080)

ചെലവ് - 1200000 ( വികസനഫണ്ട് 1200000, തനതുഫണ്ട് - 0)

ഭവനപുനരുദ്ധാരണം പദ്ധതിയുടെ പരിശോധനയിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

i ആനുപാതികമായി തനതുഫണ്ട് വിനിയോഗിച്ചില്ല

പ്രസ്തുത പ്രോജക്റ്റിലേക്കായി തനതുഫണ്ടിനത്തിൽ 1024080/-രൂപ കൂടി വകയിരുത്തിയിരുന്നുവെങ്കിലും വികസന ഫണ്ട് മാത്രം വിനിയോഗിച്ചാണ് ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിരിക്കുന്നത്. തനതുഫണ്ട് തുക ആനുപാതികമായി ചെലവഴിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (61/15-3-2019) ലഭ്യമാക്കിയ മറുപടിയിൽ 113 ഗുണഭോക്താക്കൾ മാത്രമേ എഗ്രിമെന്റ് വച്ച് പണി ആരംഭിച്ചിട്ടുള്ളൂവെന്നും പ്രസ്തുത തുക പര്യാപ്തമായിരുന്നുവെന്നും വിശദീകരിച്ചിട്ടുണ്ട്.

വിവിധ ഫണ്ടുകളിലായി വകയിരുത്തപ്പെടുന്ന തുക ആനുപാതികമായി വിനിയോഗിക്കുന്നതിന് ശ്രദ്ധ പുലർത്തേണ്ടതാണ്.

ii)മുഴുവൻ ഗുണഭോക്താക്കളും പണി പൂർത്തീകരിച്ചില്ല

ഭവനപുനരുദ്ധാരണം പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ചിട്ടുള്ള താഴെ പറയുന്ന ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ച് മുഴുവൻ തുകയും കൈപ്പറ്റിയിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്/മേൽവിലാസം | കൈപ്പറ്റിയ തുക |
|---|---|---|
| 1 | ശാന്ത, ഷെർലി മന്ദിരം, ഐരമൺ പച്ച, നാവായിക്കുളം | 14/16-03-17, തുക 10000 |
| 2 | നസീറാ ബീവി, കല്ലുവിള വീട്, കല്ലമ്പലം | 15/31-03-1, തുക 10000 |

ആയതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (61/15-3-2019) മറുപടിയായി തുക തിരിച്ച് പിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. അല്ലാത്ത പക്ഷം പ്രസ്തുത തുക നിർവഹണ ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി നിശ്ചയിക്കുന്നതാണ്.

## 3-11 പി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ (വികസനഫണ്ട്) - അനുബന്ധരേഖകൾ ഹാജരാക്കിയില്ല – ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്റ്റ് നമ്പർ - SO218/18

വകയിരുത്തൽ - 470428/- രൂപ (വികസനഫണ്ട്)

നിർവ്വഹണം - മെഡിക്കൽ ഓഫീസർ പി.എച്ച്.സി

ചെലവ് - 470428/- രൂപ

ബിൽ വിവരം - 11/27-3-18

പി.എച്ച്.സി യിലേക്കായി വികസന ഫണ്ടുപയോഗിച്ചുള്ള മരുന്ന് വാങ്ങലുമായി ബന്ധപ്പെട്ട് ഇൻവോയ്സ് മാത്രമാണ് പരിശോധനക്ക് ഹാജരാക്കിയിട്ടുള്ളത്. മരുന്ന് ലഭ്യമായതിന്റെ ബിൽ, മരുന്ന് സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ വിശദാംശം ഇവ ഹാജരാക്കിയില്ല. രേഖകൾ സമർപ്പിക്കുന്നതാണെന്നാണ് ഓഡിറ്റ് എൻക്വയറിക്ക് (59/15-3-2019) മറുപടി നൽകിയത്. രേഖകൾ ലഭ്യമാക്കുന്നതുവരെ 470428/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-12 പി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ (നോൺ റോഡ് ഫണ്ട്) - ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ മരുന്ന് ലഭ്യമാകുന്നില്ല

പ്രോജക്റ്റ് നമ്പർ - SO170/18

വകയിരുത്തൽ - 701000/- രൂപ മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്)

ചെലവ് - 701000/- രൂപ

ബിൽ വിവരം 1. 5/24-1-17, തുക 400000

2. 8/16-1-18, തുക 301000

സപ്ലൈകൊ മാവേലി സ്റ്റോർ, ചിറയിൻകീഴിൽ നിന്നുമാണ് പി.എച്ച്.സി യി ലേക്കാവശ്യമായ മരുന്നുകൾ വാങ്ങിയിട്ടുള്ളത്.

മാവേലി സ്റ്റോർ സമർപ്പിച്ചിട്ടുള്ള ഇൻവോയ്സിന്റെ അടിസ്ഥാനത്തിലാണ് ട്രഷറി ബിൽ മാറിയിട്ടുമുണ്ട്. എന്നാൽ ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ സപ്ലൈകൊ മരുന്ന് ലഭ്യമാക്കുന്നില്ല എന്നാണ് സ്റ്റോക്ക് പരിശോധനയിൽ കണ്ടത്. ഇൻവോയിസ് പ്രകാരമുള്ള മരുന്നുകളുടെ എണ്ണവും സ്റ്റോക്കിലെടുത്ത മരുന്നുകളുടെ എണ്ണവും തമ്മിൽ ഏറെ വ്യത്യാസം കാണുന്നു.

ഏതാനും ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | മരുന്നിന്റെ പേര് | ഇൻവോയ്സ് പ്രകാരമുള്ള മരുന്നിന്റെ എണ്ണം | സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള എണ്ണം |
|---|---|---|---|
| 1 | Glimepride 2 mg | 60000 | 104010 |
| 2 | Aspirin | 10000 | 0 |
| 3 | Metropolol 50mg | 12560 | 0 |
| 4 | Metformin 500 | 85372 | 66000 |
| 5 | Losartin | 35000 | 105500 |

പ്രസ്തുത കാലയളവിൽ ജോലി ചെയ്തിരുന്ന ഫാർമസിസ്റ്റിൽ നിന്നും ഇത് സംബന്ധിച്ച അപാകതകൾ പരിശോധിച്ച് വിവരം അറിയിക്കുന്നതാണെന്നാണ് ഓഡിറ്റ് എൻക്വയറിക്ക് (നം.58/15.03.19)മറുപടി ലഭ്യമാക്കിയത്.

പ്രോഫോർമ ഇൻവോയ്സ് ലഭിക്കുമ്പോൾ മരുന്ന് വാങ്ങൽ നടന്നതിന്റെയും മരുന്ന് ലഭിക്കുമ്പോൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ ഉണ്ടോ എന്ന് പരിശോധിച്ച് മോണിട്ടറിംഗ് നടത്തേണ്ടതിന്റെയും ചുമതല ആരോഗ്യം വർക്കിംഗ് ഗ്രൂപ്പിനാണ്. അപ്രകാരം മോണിട്ടറിംഗ് നടക്കാത്തതിനാലാണ് ഇത്തരത്തിലുള്ള അപാകതകൾ സംഭവിക്കുന്നത്. ഇക്കാര്യത്തിൽ വേണ്ട നടപടികൾ വർക്കിംഗ് ഗ്രൂപ്പ് സ്വീകരിക്കേണ്ടതാണ്.

## 3-13 പാലിയേറ്റീവ് കെയർ - പദ്ധതി നിർവഹണത്തിൽ അപാകം

പ്രോജക്ട് നമ്പർ - SOO7/18

വകയിരുത്തൽ - 1500000/- രൂപ (വികസനഫണ്ട്)

ചെലവ് - 1500000/- രൂപ

ബിൽ 1. 1/18-08-17, തുക 74300

2. 3/20-09-17, തുക 22400
3. 4/24-10-17, തുക 21200
4. 5/24-10-17, തുക 500000
5. 7/29-12-17, തുക 51160
6. 9/29-01-18, തുക 489000
7. 10/07-03-18, തുക 85850
8. 12/27-03-18, തുക 256090

പാലിയേറ്റീവ് കെയർ പദ്ധതിയുടെ പരിശോധനയിൽ ചുവടെ ചേർക്കുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

i)പി.എം.സി പുനർരൂപീകരിക്കുകയോ കൃത്യമായി മീറ്റിംഗ് കൂടുകയോ ചെയ്യുന്നില്ല

സ.ഉ. (സാധാ) നമ്പർ 3217/2015/ത.സ്വ.ഭ.വ. 29-10-2015 ലെ പാലിയേറ്റീവ് കെയർ പ്രവർത്തന മാർഗരേഖ ഖണ്ഡിക 2.3.2 പ്രകാരം ഓരോ സാമ്പത്തിക വർഷാരംഭത്തിനുമൻപും പി എം സി പുനർ രൂപീകരിക്കേണ്ടതുണ്ട്. അപ്രകാരം പി എം സി രൂപീകരിച്ചിട്ടില്ല.

പി.എം.സി രണ്ട് മാസത്തിലൊരിക്കലോ ഇടവേളകളിൽ ആവശ്യാനുസരണമോ കൂടേണ്ടതാണെന്നെങ്കിലും അപ്രകാരം കൂടിയിട്ടില്ല. 2017- 18 ൽ ആകെ 4 പ്രാവശ്യം മാത്രമാണ് പി.എം.സി കൂടിയിട്ടുള്ളത്. പാലിയേറ്റിവ് കെയർ നഴ്സിന്റെ കരാർ

പുതുക്കലുമായി ബന്ധപ്പെട്ടുള്ള വിഷയത്തിൽ ഭരണസമിതിയും മെഡിക്കലാഫീസറും തമ്മിലുള്ള അഭിപ്രായവ്യത്യാസമൂലമാണ് ഇപ്രകാരം വീഴ്ച സംഭവിച്ചതെന്നാണ് ഓഡിറ്റ് എൻക്വയറിക്ക് (നം.47/13.03.19) മറുപടി നൽകിയത്. പി.എം.സി കൃത്യമായ ഇടവേളകളിൽ കൂടേണ്ടതാണ്.

ii)കരാർ പുതുക്കാതെ പാലിയേറ്റീവ് കെയർ നഴ്സിനും ഡ്രൈവർക്കും വേതനം നൽകി

സ.ഉ. (സാധാ) നമ്പർ 3217/2015/ത.സ്വ.ഭ.വ. 29-10-2015 ലെ പാലിയേറ്റീവ് കെയർ പ്രവർത്തന മാർഗരേഖ ഖണ്ഡിക 2.8.4 പ്രകാരം പാലിയേറ്റീവ് കെയർ പ്രോജക്റ്റിന്റെ നടത്തിപ്പിന് വേണ്ടി ഒരു വർഷത്തേക്കുള്ള കരാർ വ്യവസ്ഥയിലായിരിക്കണം പാലിയേറ്റീവ് കെയർ നഴ്സമാരെ നിയോഗിക്കേണ്ടത്. എന്നാൽ കരാർ പുതുക്കാതെ പാലിയേറ്റീവ് നഴ്സിന്റെ ശമ്പളം പുതിയ നിരക്കിൽ നൽകുന്നതിന് 23-1-2018 ൽ കൂടിയ പി എം സി മീറ്റിംഗിൽ തീരുമാനമെടുത്തിട്ടുണ്ട്. ജൂൺ 2017 മുതലുള്ള ശമ്പളം പുതിയ നിരക്കിൽ നൽകിയിട്ടുമുണ്ട്.

ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (47/13-3-2019) കരാർ പുതുക്കുന്നത് എല്ലാ മാസവും ഏപ്രിൽ മാസം മുതൽക്കാണെന്നും പുതിയ മെഡിക്കൽ ഓഫീസർ 2017ആഗസ്റ്റ് മാസം മുതലാണ് ചാർജ് എടുത്തതെന്നും ഏപ്രിൽ മാസം മുതൽ കരാർ പുതുക്കിയിട്ടില്ലാത്തതിനാൽ കരാർ പുതുക്കാൻ വിസമ്മതിക്കുകയും ഈ വിഷയവുമായി ബന്ധപ്പെട്ട് ഭരമസമിതിയും മെഡിക്കൽ ഓഫീസറുമായി അഭിപ്രായ വ്യത്യാസം ഉണ്ടാകുകയും ചെയ്തെന്നും മറുപടി ലഭ്യമാക്കി. പാലിയേറ്റീവ് കെയർ മാർഗരേഖ ഖണ്ഡിക 2.6.5.3 പ്രകാരം വാഹനങ്ങൾ വാടകക്ക് എടുക്കുമ്പോൾ ക്വട്ടേഷന് പി.എം.സി അംഗീകരിക്കേണ്ടതാണെന്നും ക്വട്ടേഷന്റെ കാലാവധി 6 മാസം മാത്രമാണെന്നും കാലാവധി അവസാനിക്കുന്നതിനു മുൻപ് പുതിയ ക്വട്ടേഷൻ ക്ഷണിച്ച് പി.എം.സി യുടെ അംഗീകാരം വാങ്ങേണ്ടതാണെന്നും വ്യക്തമാക്കുന്നുണ്ട്. എന്നാൽ ക്വട്ടേഷൻ പുതുക്കാതെ മുൻവർഷങ്ങളിൽ വാടകക്ക് എടുത്ത വാഹനമാണ് ഓടിയിരുന്നതെന്നും കരാർ ഉണ്ടായിരുന്ന എന്ന നിഗമനത്തിലാണ് തുടർന്നും വാഹനം ഉപയോഗിച്ചിരുന്നതെന്നുമാണ് ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടുള്ളത്.

കരാർ പുതുക്കാതെ പാലിയേറ്റീവ് നഴ്സിനും ഡ്രൈവർക്കും വേതനം അനുവദിച്ചത് ക്രമവിരുദ്ധമാണ്.

iii) ഉപകരണങ്ങൾ വാങ്ങിയതിന്റെ മുഴുവൻ വിതരണവിവരവും ലഭ്യമാക്കിയില്ല – ചെലവ് തടസ്സപ്പെടുത്തുന്നു

ക്രമ നം. 8 ലെ ട്രഷറി ബിൽ പ്രകാരം 198400/- രൂപ ചെലവഴിച്ച് പാലിയേറ്റീവ് കെയർ ആവശ്യങ്ങൾക്കായി മെഡിക്കൽ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. പ്രസ്തുത ഉപകരണങ്ങൾ പാലിയേറ്റീവ് നഴ്സ് കൈപ്പറ്റിയതിന്റെ വിവരം മാത്രമേ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളൂ. പഴയ ഫാർമസിസ്റ്റിനെ വിളിച്ചുവരുത്തി വിവരങ്ങൾ ലഭ്യമാക്കുന്നതാണെന്ന് എൻക്വയറിക്ക് (58/15-3-2019) മറുപടി നൽകി. വിശദാംശങ്ങൾ ലഭ്യമാക്കുന്നതുവരെ 198400/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

iv) കുടുംബസംഗമം നടത്തിയത്- അനുബന്ധരേഖകൾ ഹാജരാക്കിയില്ല – ചെലവ് തടസ്സപ്പെടുത്തുന്നു

ക്രമ നം 8 ലെ ട്രഷറി ബിൽ പ്രകാരം പി എച്ച് സി യും പഞ്ചായത്തും സംയുക്തമായി നടത്തിയ പാലിയേറ്റീവ് കെയർ കുടുംബ സംഗമം നടത്തിയതിന് 16-3-2018 ലെ വൗച്ചർ പ്രകാരം 26590/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. വൗച്ചറുകൾ ലഭിച്ചാൽ സമർപ്പിക്കുന്നതാണന്നാണ് എൻക്വയറിക്ക് മറുപടി നൽകിയിരിക്കുന്നത്. ആയതുവരെ 26590/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

v) സ്റ്റോക്ക് രജിസ്റ്റർ രേഖപ്പെടുത്തലുകൾ അപൂർണം

പാലിയേറ്റീവ് മരുന്ന് ലഭ്യമാകുന്നതിന്റെയും വിതരണവിവരം കാണിക്കുന്നതുമായ മെയിൻ സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ അപൂർണമാണ്. ഇക്കാര്യത്തിൽ ആരോഗ്യ – വിദ്യഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ പതിയേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 75000 | പാൽ സബ്സിഡി (പുരുഷൻ) | 75000 | 0 |
| | 2017-18 | 212000 | മാനസിക വെല്ലുവിളി നേരിടുന്നവർക്ക് | 211994 | 6 |

| | | | | | |
|---|---|---|---|---|---|
| | | | സ്കോളർഷിപ്പ് | | |
| | 2017-18 | 20400 | ജൈവ പച്ചക്കറി കൃഷി | 20400 | 0 |
| ആകെ | | 307400 | | 307394 | 6 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 307236 | പാൽ സബ്സിഡി (പുരുഷൻ) | 307236 | 0 |
| | 2017-18 | 1236223 | പാൽ സബ്സിഡി (വനിത) | 785885 | 450338 |
| | 2017-18 | 212000 | മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 212000 | 0 |
| | 2017-18 | 276000 | നെൽകൃഷി (രണ്ടാം വിള) | 276000 | 0 |
| | 2017-18 | 20400 | ജൈവ പച്ചക്കറി കൃഷി | 20400 | 0 |
| | 2017-18 | 212500 | ഒന്നാംവിള നെൽകൃഷി | 212500 | 0 |
| ആകെ | | 2264359 | | 1814021 | 450338 |

ധനകാര്യപത്രികയുടെ B-4ഷെഡ്യൂളിൽ ബാക്കി നിൽക്കുന്ന 488482/- രൂപയിൽ 2016-17 വർഷം പാൽ സബ്സിഡിയിനത്തിൽ ലഭിച്ച ബ്ലോക്ക് വിഹിതത്തിന്റെ ചെലവഴിക്കാത്ത 38144//- രൂപയും ഉൾപ്പെടുന്നു.

## 4-2 <u>നിക്ഷേപപ്രവൃത്തികൾക്ക് നൽകിയതുകയുടെ വിവരങ്ങൾ</u>

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 126 , പെപ്പ് ലൈൻ സ്ഥാപിക്കൽ | 2030278 | 0 | 2030278 |
| | 77, പൈപ്പ് ലൈൻ സ്ഥാപിക്കൽ | 364000 | 0 | 364000 |
| ആകെ | | 2394278 | 0 | 2394278 |
| കെ.എസ്.ഇ.ബി | 223, ഗതാഗതതടസ്സം സൃഷ്ടിക്കുന്ന പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 40483 | 0 | 40483 |
| | 196, സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 1515510 | 0 | 1515510 |
| ആകെ | | 1555993 | 0 | 1555993 |
| ഗ്രൗണ്ട് വാട്ടർ ഡിപ്പോർട്ട്മെന്റ് | 209, പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 1222382 | 0 | 1222382 |

| | | | | |
|---|---|---|---|---|
| ആകെ | | 1222382 | 0 | 1222382 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്

2017-18 സാമ്പത്തിക വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരി ച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | 8/2010/lsg, 20.01.2010 | 23800500 | 4491912 | 2380050 | - | 2111862 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

| സർട്ടിഫിക്കറ്റ് നമ്പർ | സ്ഥിരനിക്ഷേപം ആരംഭിച്ച തീയതി | ആരംഭതുക | നാളിതുവരെ ലഭിച്ച പലിശ | നിലവിലെ തുക | മെച്യൂരിറ്റി തീയതി | നിക്ഷേപിച്ചിരിക്കുന്ന സ്ഥാപനം |
|---|---|---|---|---|---|---|
| 037193 | 30.03.2011 | 300000 | 45022 | 345022 | 26.09.2018 | ജില്ലാ സഹകരണ ബാങ്ക്, കല്ലമ്പലം |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ചാർജ് / സർചാർജ് നടപടികളുടെ വിവരം

2017-18 വർഷം ചാർജ് / സർചാർജ് ഇനത്തിൽ തുക ഈടാക്കിയിട്ടില്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

*(എ)* സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 74475180 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 98451179 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4141325 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6(1) | 1242925 | ശ്രീ.രാജ്കുമാർ, സെക്രട്ടറി |
| 3-6(2) | 123972 | ശ്രീ.ആരിഫുദ്ദീൻ, സെക്രട്ടറി |
| 3-6(3) | 500000 | ശ്രീ.രാജ്കുമാർ, സെക്രട്ടറി |
| 3-6(4) | 1515510 | ശ്രീമതി.സിന്ധു ആർ.എസ്, സെക്രട്ടറി |
| 3-6(5) | 364000 | ശ്രീ.റഹീം, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-6(6) | 199500 | ഡോ.സി.എസ് അഭിറാം, വെറ്റിനറി സർജൻ |
| 3-11 | 470428 | ഡോ.ഷാനിൻ വാവ,മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 3-13 (iii) | 198400 | ഡോ.ഷാനിൻ വാവ,മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 3-13 (iv) | 26590 | ഡോ.ഷാനിൻ വാവ,മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| ആകെ | 4641325 | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ ) ഔദ്യോഗിക മേൽ വിലാസം | സ്ഥിരം മേൽ വിലാസം |
|---|---|---|
| ശ്രീ.റഹീം, അസിസ്റ്റന്റ് എഞ്ചിനീയർ | - | കക്കാട്ട് കൊടിവിള വീട്, പള്ളിക്കൽ പി.ഒ, കിളിമാനൂർ |
| ഡോ.സി.എസ് അഭിറാം, വെറ്റിനറി സർജൻ | - | തീർത്ഥം, ENRA 169, ESI ജംഗ്ഷൻ, പാരിപ്പള്ളി |
| ഡോ.ഷാനിൻ വാവ,മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | - | ദിഖ്ർ , 75 ടെമ്പിൾ നഗർ, കൊട്ടാരക്കര, കൊല്ലം |
| ശ്രീ.രാജ്കുമാർ, സെക്രട്ടറി | - | ഗംഗോത്രി, കല്ലമ്പലം പി.ഒ, തിരുവനന്തപുരം |
| ശ്രീമതി.സിന്ധു ആർ.എസ്, സെക്രട്ടറി | - | വാറുവിളാകം, പുതുശ്ശേരിമുക്ക് പി.ഒ, കല്ലമ്പലം, തിരുവനന്തപുരം പിൻ-695605 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെകത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം, ഖണ്ഡിക നമ്പർ |
|---|---|---|
| 2000-01 | കെ.എസ്.എ.റ്റി.വി.എം/ജി.പി9 /1193/2018 | 1 [ 3-2(1)] |
| 2003-04 | കെ.എസ്.എ.റ്റി.വി.എം/ജി.പി9 /1193/2018 | 1 (2-3) |
| 2005-06 | കെ.എസ്.എ.റ്റി.വി.എം/ജി.പി9/ 1193/2018 | 7 (2-3,2-4,3-2,3-3,3-5,3-6,3-8) |
| 2006-07 | കെ.എസ്.എ.റ്റി.വി.എം/ജി.പി9/ 1193/2018 | 3 (2-2, 3-2, 3-15) |
| 2007-08 | കെ.എസ്.എ.റ്റി.വി.എം/ജി.പി9 /871/2018, 04.06.2018 | 6 (2-2,3-6,3-7,3-8,3-9,3-10) |
| 2008-09 | കെ.എസ്.എ.റ്റി.വി.എം/ജി.പി9 /871/2018, 04.06.2018 | 3 (3-1,3-3,3-7) |
| 2009-10 | കെ.എസ്.എ.റ്റി.വി.എം/ജി.പി9 /871/2018, 04.06.2018 | 7 (3-3,3-4,3-5,3-6,3-7,3-9,3-10) |
| 2010-11 | കെ.എസ്.എ.റ്റി.വി.എം/ജി.പി9 /871/2018, 04.06.2018 | 5 (2-1(എ,ബി,സി), 3-2, 3-3, 3-4, 3-5) |
| 2011-12 | എൽ.എഫ്.റ്റി.ജി.ജി.പി.9/891/15, 09.10.15 | 7 |
| 2012-13 | എൽ.എഫ്.റ്റി.ജി.ജി.പി.9/534/14, 14.01.15 | 8 |
| 2013-14 | എൽ.എഫ്.റ്റി.ജി.ജി.പി.9/534/14, 14.01.15 | 8 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി.9/1352/15, 19.10.15 | 21 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി.9/2067/16, 02.12.16 | 25 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി.9/2035/17, 20.10.17 | 23 |

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>അനുബന്ധം</u>

<u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് (4), 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ വകുപ്പ് 215 ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ നാവായിക്കുളം പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ നാവായിക്കുളം പഞ്ചായത്തിന്റെ 2017-18-ലെ വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നുവെന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

എസ്7/6/19